പുസ്തകം 4. 1129 കുംഭം. ലക്കം 11.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം

### (ദേവർഷി നാരദ വിരചിത ഭക്തിസൂത്രം)

പ്രേമരൂപമായ ഭക്തിയുടെ ലക്ഷണവും ഉദാഹരണവും

വി. എൻ. പരമേശ്വരൻ നമ്പൂരി

(തുടർച്ച)

**39** മഹൽസങ്ഗസ്തു ദുല്ല്ഭോഽഗമ്യോഽമോഘശ്ച.

എന്നാൽ മഹാപുരുഷന്മാരുടെ സംഗം ദുല്ല്ഭവും അഗമ്യവും അമോഘ (സഫല) വുമാകുന്നു.

പ്രപഞ്ചത്തിൽ സ്വധർമ്മപരായണന്മാരും, സദാചാരനിരതന്മാരും, സാധുസ്വഭാവികളും, ദൈവിക സമ്പന്നരുമായ മഹാപുരുഷന്മാരെ വളരെ ചുരുക്കമായേ പ്രാപിക്കുവാൻ —കണ്ടുകിട്ടുവാൻ— കഴികയുള്ളു. യഥാർത്ഥമായ രത്നംപോലെ സംഘങ്ങളിലും, ഉപദേശകന്മാരിലും യഥാർത്ഥ സജ്ജനങ്ങൾ കുറച്ചു മാത്രമേ ഉണ്ടായിരിക്കയുള്ളു. എന്നാൽ കിണഞ്ഞു തിരയുന്നപക്ഷം ഈ ലോകത്തിൽ സദാചാരികളും, കർമ്മകാണ്ഡജ്ഞന്മാരുമായ അല്പം ചില ജ്ഞാനികളെ കണ്ടുകിട്ടുന്നതുമാണ്. എന്നാൽ കൃപാ മാത്രംകൊണ്ടു പരമദുല്ല്ഭവും യോഗിജ്ഞാനി ജനവാഞ്ഛനീയവുമായ ഭഗവൽ പ്രേമപ്രാപ്തി വരുത്തിത്തരുവാൻ തക്കവണ്ണം കഴിവുള്ള മഹാന്മാർ അപൂർവ്വമായേ ഉണ്ടായിരിക്കയുള്ളു. അതു കാരണം അത്തരം മഹാത്മാക്കളുടെസമ്പർക്കം വളരെ ദുല്ല്ഭമായേ ഉണ്ടാകയുള്ളു എന്നു അറിഞ്ഞിരിക്കണം. എവിടെയെങ്കിലുംവെച്ച് അങ്ങനെയുള്ള മഹാപുരുഷന്മാരെ കണ്ടുകിട്ടിയാൽത്തന്നെ തിരിച്ചറിവാൻ വളരെ പ്രയാസ

മാണു്. എന്തുകൊണ്ടെന്നാൽ ബാഹ്യാചാരം കൃത്രിമവും നാടകക്കാർക്കുകൂടി ചില അംശങ്ങളിൽ അതുപോലെ കാണിക്കുവാൻ കഴിയുന്നതുമാണു്. കണ്ണുനീരൊഴുകുന്നതും, കരയുന്നതും, ചിരിക്കുന്നതും, നിലവിളിക്കുന്നതുംമാത്രമല്ല പ്രേമലക്ഷണം. അനേകം ബാഹ്യകാരണങ്ങളാൽപ്പോലും അങ്ങനെ സംഭവിക്കുന്നതാണു്. അതെ; ഈ പറഞ്ഞ ലക്ഷണങ്ങളിൽനിന്നു കവിഞ്ഞു്, ബാഹ്യാചാരം സാധാരണബോധത്തിന്നു് അതീതമായി ആരിൽ കാണുന്നുവോ അവനാണു് യഥാർത്ഥ പ്രേമി! അങ്ങനെയുള്ളവർ, ഞാൻ ഭഗവൽ പ്രേമിയാണു് എന്നൊന്നും പറഞ്ഞുകൊണ്ടു് നടക്കുന്നതല്ല. പറഞ്ഞുകൊണ്ടു നടന്നാൽ ആരാണതു് വകവെക്കുവാൻ പോകുന്നതു്? അതുകൊണ്ടു് അപ്രകാരമുള്ള നിസ്പൃഹന്മാരായ മഹാഭാഗന്മാരെ തിരിച്ചറിവാൻ വളരെ പ്രയാസമാണു്. അതുതന്നെയാണു അവരുടെ സംഗം ദുർഗ്ഗമമാണെന്നു പറഞ്ഞതും. പക്ഷെ സൌഭാഗ്യംകൊണ്ടു് എവിടെയെങ്കിലുംവെച്ചു് അങ്ങനെയുള്ള മഹാന്മാരെ കണ്ടുകിട്ടിയാൽ, അറിയാതെ കൈവന്ന അവരുടെ സമ്പർക്കംകൂടി വ്യർത്ഥമായി പോകുന്നതല്ല. എന്തുകൊണ്ടെന്നാൽ അതു് അമോഘമാണു്. സാധാരണ സദാചാരികളും, വിദ്വാന്മാരുമായ സജ്ജനങ്ങളുടെ സമ്പർക്കംതന്നെ അന്തക്കരണ ശുദ്ധിക്കു് കാരണമായിത്തീരും, പാപം, താപം, ദൈന്യം മുതലായവയുടെ നിവാരണത്തിന്നു് സമർത്ഥമായിരിക്കെ, ഹൃദയം ഭഗവൽപ്രേമത്താൽ മിന്നിത്തിളങ്ങുന്നവരും, പ്രേമാനന്ദമൂർത്തികളും, സ്മരണമാത്രംകൊണ്ടുതന്നെ പാപങ്ങളെ നശിപ്പിക്കുവാൻ കഴിവുള്ളവരുമായ അത്തരം ഭഗവൽ പ്രേമികളായ മഹാത്മാക്കളുടെ ദർശനം നിശ്ചയമായും മഹത്തായ ഫലത്തെ പ്രദാനംചെയ്യുന്നതാണു്. സൂര്യോദയമായിട്ടും അന്ധകാരം നിറഞ്ഞ രാത്രിയിലെന്നപോലെ കിടന്നുറങ്ങിക്കൊണ്ടിരിക്കുന്നവർക്കു ഉണരുന്നതുവരെ പ്രകാശത്തിൻെറ അനുഭവം ഉണ്ടായിരിക്കുന്നതല്ലല്ലോ. എന്നാൽ പ്രകാശം സൂര്യോദയത്തോടുകൂടിത്തന്നെ പരന്നുകഴിഞ്ഞതാണുതാനും! ഒന്നുകൂടി വിശദമാക്കാം. ധനവാനായ ഒരാൾ തൻെറ സ്നേഹിതനായ ഒരു ദരിദ്രൻെറ പേരിൽ തൻെറ കോടിക്കണക്കിലുള്ള ധനം എഴുതിവെക്കുകയാണെന്നു വിചാരിക്കുക. ഒസ്യത്തെഴുതിക്കഴിഞ്ഞതോടുകൂടി ആ ദരിദ്രൻ ധനവാനായിത്തീരും. പക്ഷെ ഏതുവരെ അയാൾക്കു് ഈ വിവരം ലഭിക്കുന്നില്ലയോ അതുവരെ അയാൾ തന്നെ ദരിദ്രനായി മാത്രമേ അറിയുന്നുള്ളൂ. ഇപ്രകാരം ഏതെ

ങ്കിലും ഭഗവൽപ്രേമിയായ മഹാപുരുഷൻെറ അജ്ഞാതസംസൎഗ്ഗംകൊണ്ടു് പാപവും അജ്ഞാനാന്ധകാരവും നശിച്ചു് ജ്ഞാനസ്വരൂപനായ സൂൎയ്യൻെറ പ്രകാരവും പ്രേമരൂപമായ പരമനിധിയും കിട്ടുന്നുവെങ്കിലും ഈ സംഗതി അറിയുന്നതുവരെ ആ ലാഭംകൊണ്ടുള്ള ആനന്ദത്തെ ആസ്വദിക്കുവാൻ സംഗതിയാവുന്നില്ല. എന്നാൽ അതു മനസ്സിലാവുന്നതിന്നു് അധികം താമസം തീൎച്ചയായും നേരിടുന്നതല്ല. അതുകൊണ്ടാണു് മഹൽസ്സംഗത്തെ അമോഘം, ആവശ്യഫലദായി ആണെന്നു പറഞ്ഞതു്.

## 40. ലഭ്യതേ/പി തൽകൃപയൈവ.

ആ ഭഗവൽകൃപകൊണ്ടു മാത്രമേ അത്തരം മഹാപുരുഷന്മാരുടെ സംഗംപോലും ലഭിക്കയുള്ളു.

അങ്ങനെയുള്ള സത്തുക്കളുടെ സമ്പൎക്കം തീൎച്ചയായും ഹരികൃപകൊണ്ടുമാത്രമേ ഉണ്ടാകയുള്ളൂ. ഭഗവാൻ ഏതൊരാളിൽ കൃപ ചെയ്തു് അംഗീകരിക്കുവാൻ ആഗ്രഹിക്കുന്നുവോ അയാളുടെ അരികിലേക്കു് പ്രേമപാശത്താൽ തന്നെ ബന്ധിച്ചുനിൎത്തുന്നതിന്നു് ശക്തിയുള്ളവനും തൻെറതന്നെ സ്വരൂപഭൂതനുമായ പ്രേമീഭക്തനെ അയക്കുന്നു. വാസ്തവത്തിൽ ഭഗവൽകൃപയും മഹൽസ്സംഗവും അന്യോന്യം ആശ്രയിച്ചിരിക്കുന്നു. മഹാപുരുഷന്മാരുടെ സംഗംകൂടാതെ ഭഗവൽകൃപയുടെ അനുഭവമുണ്ടാവുന്നതല്ല. ഭഗവൽകൃപ കൂടാതെ അങ്ങനെയുള്ള മഹത്തുക്കളുടെ സമ്പൎക്കവും ലഭിക്കുന്നതല്ല. ഭക്തോത്തമനായവിഭീഷണനുകൂടി ശ്രീ ഹനുമാൻ മുഖാന്തരം മാത്രമേ ഭഗവൽകൃപയുടെ അനുഭവമുണ്ടായുള്ളൂ. അതുകൊണ്ടു് അദ്ദേഹം പറയുന്നു:—

ശ്രീരാമകൃപാമൃതം ലഭിപ്പാനിച്ഛിപ്പവർ
ശ്രീഹനുമാനെ നിനച്ചീടുവിൻ, നാരാധിപ്പിൻ!

## 41. തസ്മിംസ്തജ്ജനേ ഭേദാഭാവാത്.

എന്തുകൊണ്ടെന്നാൽ ഭഗവാനും അത്തരം ഭക്തന്മാൎക്കും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല.

ഭഗവൽഭക്തൻ ഭഗവൽ സ്വരൂപിതന്നെയാണു്. (ബ്രഹ്മവിൽ ബ്രഹ്മൈവ ഭവതി എന്നു പ്രമാണം) ഭഗവൽഭക്തന്മാരെ സേവിക്കുന്നവർ ഭഗവാനെത്തന്നെയാണു് ഉപാസിക്കുന്നതു്. ഭക്തൻ ഭഗവാൻെറ ഹൃദയത്തിലും ഭഗവാൻ ഭക്തൻെറ ഹൃദയത്തിലും നിവസിക്കുന്നു. ഭഗവാൻതന്നെ അരുളിചെയ്യുന്നതു നോക്കുക—

"സാധവോ ഹൃദയം മഹ്യം
സാധൂനാം ഹൃദയം ത്വഹം
മദന്യത് തേ ന ജാനന്തി
നാഹം തേഭ്യോ മനാഗപി" (ശ്രീമൽഭാഗവതം: 9-4-68)

"സജ്ജനങ്ങൾ എന്റെ ഹൃദയമാണ്; ഞാൻ അവരുടേയും ഹൃദയമാണ്. അവർ എന്നെയല്ലാതെ മറെറാന്നും അറിയുന്നില്ല, ഞാനും അവരെ വെടിഞ്ഞ് മറെറാന്നും അറിയുന്നില്ല"

ശ്രീ ഭഗവാൻ പ്രേമരൂപികളായ ഗോപികമാരെസ്സംബന്ധിച്ച് പ്രിയവയസ്യനായ അർജ്ജുനനോടു പറയുന്നു:—

"മന്മാഹാത്മ്യം മൽസപര്യാം
മച്ഛ്റദ്ധാം മന്മനോഗതം
ജാനന്തി ഗോപികാഃ പാർത്ഥ
നാന്യേ ജാനന്തി തത്വതഃ"

"അല്ലയോ പാർത്ഥാ, എന്റെ മാഹാത്മ്യം, എന്റെ പൂജ, എന്റെ ശ്രദ്ധ, എന്റെ മനോഗതം ഇവയുടെ തത്വം ഗോപികമാർ മാത്രമേ അറിയുന്നുള്ളു. മററാരുംതന്നെ അറിയുന്നില്ല."

അങ്ങനെയുള്ള പ്രേമികളായ ഭക്തന്മാരും ഭഗവാനും തമ്മിൽ എന്താണ് അന്തരം? ഭഗവാൻതന്നെ മൊഴിയുന്നു.

"യേ ഭജന്തി തു മാം ഭക്ത്യാ
മയി തേ തേഷു ചാപ്യഹം" (ഭഗവൽഗീത: 9-29)

"എവർ എന്നെ പ്രേമത്തോടുകൂടി ഭജിക്കുന്നുവോ അവർ എന്നിലും, ഞാൻ അവരിലും ഇരിക്കുന്നു." അങ്ങനെയുള്ള ഭക്തൻ തന്റെ ബാഹ്യാകാരത്തെ മറന്നു് സാക്ഷാൽ ഭഗവൽ സ്വരൂപാമൃതം അനുഭവിക്കുന്നതുപോലെ ഭഗവൽ പ്രേമത്തിൽ ലയിച്ചുകൊണ്ടിരിക്കുന്നു. ഗോപികമാർ ഭഗവാനെതന്നെ നിനച്ച് ആരാഞ്ഞാരാഞ്ഞ് അവസാനം അദ്ദേഹത്തിന്റേതുപോലെയുള്ള ലീലകൾ ചെയ്വാനാരംഭിച്ച് അങ്ങനെ തന്മയീഭവിച്ചു!!

ഈ സുന്ദരീജനമഹോ! ഭഗവൽ സ്വരൂപം
ചിന്തിച്ചുചെയ്യുമൊരു ചേഷ്ടകളാകമാനം
ലീലാവിഹാരി ഭഗവാനു സമാനമല്ലോ!
ഗോപീജനം സഫലജന്മികൾതന്നെ നൂനം!!

42\. തദേവ സാദ്ധ്യതാം തദേവ സാദ്ധ്യതാം.

അതുകൊണ്ട് ആ മഹൽസ്സംഗസാധനതന്നെ ചെയ്യുവിൻ അതിനെത്തന്നെ അനുഷ്ഠിക്കുവിൻ.

അതിനാൽ ഭഗവൽ പ്രേമപ്രാപ്തിക്കുവേണ്ടി അങ്ങനെയുള്ള ഭഗവൽ പ്രേമികളായ മഹാപുരുഷന്മാരുടെ സംഗത്തെത്തന്നെ പ്രബലമായി ആഗ്രഹിക്കുകയാണു വേണ്ടതു്. ഭഗവൽകൃപകൊണ്ടു പ്രേമികളായ മഹാത്മാക്കളെ കണ്ടെത്തുന്നതാണു്. ആ സൽസ്സംഗത്തിന്റെ പ്രഭാവംകൊണ്ടുതന്നെ നമ്മൾക്കു് പാപതാപങ്ങളിൽനിന്നു് വിമുക്തരായി നിർമ്മലഭഗവൽപ്രേമത്തെ പ്രാപിക്കുവാൻ സാധിക്കും. ഇതിൽ ഒരു വലിയ രഹസ്യമുണ്ടു്. പറയാം:—

ഒരു മഹാപ്രതാപിയായ രാജാവുണ്ടു്. അദ്ദേഹം വലിയ സ്നേഹശീലനുമാണു്. എന്നാൽ സ്നേഹം എല്ലാവരോടും അവഗാഢമായുണ്ടായിരിക്കില്ലല്ലോ. രാജാവിനു ദർബാറിലും, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുംവെച്ചു തന്റെ പ്രഭാവത്തെയും, ഐശ്വര്യത്തെയും കാണിക്കുവാൻ കഴിയും. എന്നാൽ സ്വന്തം നാക്കുകൊണ്ടു തന്നെ തന്റെ സ്നേഹരഹസ്യത്തെ ആരുടേയും മുമ്പാകെ പറയുവാനാവുന്നില്ല: നമ്മൾക്കും മററു പ്രജകളെപ്പോലെ വിധിക്കനുസരിച്ചു മാത്രമേ അദ്ദേഹവുമായി പെരുമാറുവാൻ കഴിയുന്നുള്ളു. പ്രേമരഹസ്യത്തെക്കുറിച്ചു് അദ്ദേഹത്തോടു ചോദിക്കുവാനോ, അദ്ദേഹത്തിനു പറഞ്ഞുതരുവാനോ കഴിയുന്നില്ല. അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ ഗുഹ്യതമമായ രഹസ്യത്തെക്കുറിച്ചു് അറിയുകയോ, അല്ലെങ്കിൽ ആ പ്രേമരാജ്യത്തിൽ പ്രവേശിക്കുകയോ വേണമെങ്കിൽ അതിനു് മറെറാരു അനന്യപ്രേമിയുടെ—രാജാവിന്റെ വ്യക്തിഗതമായ പ്രേമത്തിന്റെ പരിശുദ്ധ (രാജ്യവിധിക്കതീതമായ) ബന്ധമുള്ളവനും, പരസ്പരം തുറന്നു പ്രേമചർച്ച ചെയ്യാറുള്ളവനുമായ ഒരാളുടെ സംസർഗ്ഗം അവശ്യം വേണ്ടിയിരിക്കുന്നു. അയാളുടെ മനസ്സിൽ തന്നെക്കുറിച്ചുള്ള വിശ്വാസം വരുത്തി, അയാൾ മുഖാന്തരം രാജാവിന്റെ പ്രേമരഹസ്യത്തെപ്പററി അറിയേണ്ടിയിരിക്കുന്നു. അയാൾ മുഖാന്തരംതന്നെ തന്റെ സ്നേഹസന്ദേശം രാജസമീപത്തെത്തിക്കുകയും വേണം. എന്നു മാത്രമല്ല, താൻ അദ്ദേഹത്തിന്റെ സ്നേഹത്തിന്നു പാത്രമാണെന്നു് തെളിയിക്കുകയും വേണം. സ്നേഹത്തിന്നു വിധേയരാണു് നമ്മളെന്നു രാജാവിന്നു ബോദ്ധ്യമാവുമ്പോഴും നമ്മെക്കൂടി ആ സംഘത്തിൽ ചേർക്കുന്നു

ഇപ്രകാരം ഭഗവാനും തന്റെ പ്രേമരഹസ്യം സ്വന്തം നാക്കുകൊണ്ടു പറയുന്നതല്ല. ഭഗവാൻ ഉദ്ധവക്കു് പ്രേമശിക്ഷ നല്കുന്നതിന്നു ഗോപികമാരുടെ അരികിലേക്കു് അയക്കുകയാണു് ചെയ്തതു്. പ്രിയതമന്റെ പ്രേമരഹസ്യവും, അതിനെസ്സംബന്ധിക്കുന്ന

ഗുഹ്യതമസംഗതികളും തൽപ്രിയതമ മുഖാന്തരമേ വിശ്വസ്തരായ സഖീജനങ്ങൾക്കുപോലും അറിയുവാൻ കഴിയുന്നുള്ളു. ഇപ്രകാരം ഭഗവൽപ്രേമരഹസ്യവും ഭഗവൽപ്രേമികളായ ഭക്തന്മാർ വഴിക്കു മാത്രമേ സാധകന്മാർക്ക് കിട്ടുകയുള്ളു. അതും ഭഗവാൻ, പററിയ പാത്രമാണെന്നറിഞ്ഞു് കൃപചെയ്തു് തന്റെ പ്രേമരഹസ്യങ്ങളെ ദാനം ചെയ്യാനാഗ്രഹിക്കുന്നവർക്കുമാത്രം! എന്തെന്നാൽ പ്രേമിയായ ഭക്തൻ പ്രേമാസ്പദമായ പ്രിയതമഭഗവാന്റെ ഇച്ഛയോ അല്ലെങ്കിൽ ആജ്ഞയോ കൂടാതെ അദ്ദേഹത്തിന്റെ പ്രേമരഹസ്യങ്ങൾ ആരുടേയും മുമ്പാകെ തുറന്നുകാണിക്കുവാൻ ശക്തനല്ല. ഒന്നാമതായി സാധകൻ അതിനു് ഭാജനമായിത്തീരണം. ഭഗവാന്റെ നിർമ്മലവും അത്യുച്ചവുമായ പ്രേമത്തിന്റെ ഏകാന്തമായ ആകാംക്ഷ അയാളുടെ മനസ്സിൽ ഉണ്ടാകുമ്പോൾ, ഹൃദയം ഭഗവൽപ്രേമത്തിനുവേണ്ടി കരയുവാൻ തുടങ്ങുന്നു. അയാളുടെ ഹൃദയത്തിൽനിന്നുയരുന്ന ആർത്തനാദം, അന്തര്യാമിയായി ആനന്ദമയനായിരിക്കുന്ന പ്രഭു കേൾക്കുകയും, തദവസരത്തിൽ കൃപചെയ്തു് അദ്ദേഹം തന്റെ പ്രേമിയായ ഒരു ഭക്തനെ അയാളുമായുള്ള സമാഗമത്തിനു് സന്ദേശം അല്ലെങ്കിൽ സങ്കേതം കുറിച്ചുകൊടുത്തയക്കുന്നു. അവിടെവെച്ചു് ഒന്നാമതായി അയാളുടെ പ്രേമത്തെക്കുറിച്ചുള്ള പരീക്ഷയാണു് നടക്കുന്നതു്. അയാളുടെ പ്രേമം നിഷ്കാമവും, അനന്യവുമാണെങ്കിൽ, അയാൾ തന്റെ ആചരണംകൊണ്ടും വ്യവഹാരംകൊണ്ടും ആ പ്രേമിയായ ഭക്തന്റെ ഹൃദയത്തിൽ വിധേയതയുടെ വിശ്വാസം ഊന്നിക്കൊടുത്താൽ അപ്പോൾ അദ്ദേഹം ആ സാധകന്റെ സന്ദേശം ഭഗവൽസമക്ഷം എത്തിക്കുകയും, ഭഗവാന്റെ അനുജ്ഞ കിട്ടിയതിനുശേഷം ക്രമേണ പ്രേമരഹസ്യം അയാളുടെ മുമ്പാകെ വ്യക്തമാക്കുകയും, അയാളുടെ വിധേയത വർദ്ധിക്കുന്നതിനനുസരിച്ചു്—അതും ഭഗവാന്റെ ആജ്ഞാനുസാരം—മെല്ലെമെല്ലെ അദ്ദേഹം അയാളെ ഭഗവാന്റെ പ്രേമരാജ്യത്തിൽ ഉത്തരോത്തരം മുന്നോട്ടു് നയിച്ചുകൊണ്ടു് പോകുകയും ചെയ്യുന്നു. അവസാനം അയാളിൽ ഭഗവാന്റെ പൂർണ്ണകൃപ ഉണ്ടാവുന്നതുകൊണ്ടു അയാൾ ഭഗവൽപ്രേമത്തെ പ്രാപിക്കുന്നു. രാജാവോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രേമിയോ അന്തര്യാമിയല്ലാത്തതുകൊണ്ടു് വല്ലവരുടേയും വഞ്ചനയിൽക്കൂടി അകപ്പെട്ടുപോയേക്കാം. എന്നാൽ ഭഗവാനും, ഭഗവാന്റെ ഇച്ഛാനുസാരം നിയുക്തനായ പ്രേമീഭക്തനും ഒരിക്കലും ചതിയിൽ അകപ്പെടുന്നില്ല

അതുകൊണ്ടു് ആർ ഭഗവൽപ്രേമത്തെ പ്രാപിക്കുന്നതിന്നു് ഇച്ഛിക്കുന്നുവോ അവൻ ദേവർഷിനാരദനാൽ സാധനകളിൽ അവശ്യം വേണ്ടതായി പറയപ്പെട്ട കാര്യങ്ങളിൽ തല്പരരായി, ആദ്യം അതിന്നു് പാത്രമായിത്തീരുവാൻ ശ്രമിക്കണം. ഭഗവാൻ അയാളിൽ കൃപ വിചാരിക്കുന്നുണ്ടെങ്കിൽ ഭഗവൽപ്രേമികളായ പുരുഷന്മാരുടെ സംഗത്തിന്നു് അയാൾ പാത്രവുമായി. പക്ഷെ അങ്ങനെയുള്ള ഭഗവൽപ്രേമികളായ മഹാത്മാക്കളുടെ സംസർഗ്ഗത്തിന്നുള്ള ഇച്ഛ പ്രബലമായി വർദ്ധിക്കുകയും വേണം. കാരണം, അവരുടെ സംഗംകൂടാതെ ഭഗവൽപ്രേമം പ്രാപിക്കുവാൻ പ്രയാസമാണു്. അതിനാൽ ഭഗവാൻ തന്റെ നിർമ്മലപ്രേമത്തെ പ്രചരിപ്പിക്കുന്നതിന്നുവേണ്ടി അങ്ങനെയുള്ള ഭക്തന്മാർക്കു് മുക്തിക്കു് പൂർണ്ണാധികാരികളായി തീർന്നിട്ടുകൂടി അവരുടെ മനസ്സിൽ പ്രേമവാസന പ്രവൃദ്ധമാക്കിത്തീർത്തു് സായൂജ്യമുക്തി കൊടുക്കുന്നില്ല. പ്രേമികളായ അത്തരം ഭക്തഗണങ്ങൾ ഈ പ്രേമലീലാസുഖത്തെ ഉപേക്ഷിച്ചു് മുക്തിക്കൊരിക്കലും ആഗ്രഹിക്കുന്നതുമില്ല. അവർ മുക്തി പ്രാപിച്ചിട്ടും കേവലം പ്രേമവിതരണം ചെയ്വാൻ മാത്രം പ്രപഞ്ചത്തിൽ വരികയോ നിവസിക്കയോ ചെയ്യുന്നു. അവർ അകാരണകൃപാലുക്കളാണു്. നമ്മുടെ ഇച്ഛ തീവ്രമാകുമ്പോൾ ഭഗവൽകൃപകൊണ്ടു് അദ്ദേഹത്തിന്റെ സങ്കേതം പ്രാപിക്കുകയും പുണ്യമയമായ ദർശനസ്പർശനസംഭാഷണങ്ങൾക്കു് ഇടവരികയും ചെയ്യും. എന്നു മാത്രമല്ല തന്റെ മഹാകൃപകൊണ്ടു് അവശ്യം പ്രേമദാനവും ചെയ്യും. എന്തുകൊണ്ടെന്നാൽ അദ്ദേഹം എപ്പോഴും പ്രേമജനങ്ങളെ അന്വേഷിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. അദ്ദേഹത്തിന്റെ പ്രവൃത്തിതന്നെ പ്രേമപ്രദാനം മാത്രമാണു്. അതുകൊണ്ടു് ഭഗവൽസ്സംഗികളായി പ്രേമികളായിരിക്കുന്ന മഹാപുരുഷന്മാരുടെ സംഗം പ്രാപിക്കുക അവരുടെ കൃപയെ ആഗ്രഹിക്കുക.

(തുടരും)

# ഫലശ്രുതികൾ

(വി. കെ. നാരായണഭട്ടതിരി)

എല്ലാ സ്തോത്രങ്ങളുടെയും അവസാനത്തിൽ ഈ സ്തോത്രം കൊണ്ടു് ഉപാസിച്ചാൽ ഉപാസകന്നു് ഇന്നഫലങ്ങളെല്ലാം ഉണ്ടാകും എന്നു് പറഞ്ഞുകാണാം. സാധാരണ ആ ഫലങ്ങൾ ഉണ്ടായിക്കാണുന്നതുമില്ല. വേദങ്ങളിലും ഈ നില ഉണ്ടു്. അതിന്നു് ഫലശ്രുതി എന്നല്ലാ അർത്ഥവാദം എന്നാണു് പറയാറുള്ളതു്. ഒരു യാഗത്തെപ്പററി വിധിച്ചാൽ ഇതു ചെയ്യുന്നവക്കു് ഇന്നതല്ലാമാണു് ഫലം എന്നു് അതിശയോക്തിയോടുകൂടി പറയുന്നമാതിരി കുറെ വാക്യങ്ങൾ ഒടുവിലുണ്ടാകും. ഈ ഫലശ്രുതികൾക്കും അർത്ഥവാദങ്ങൾക്കും യാതൊരർത്ഥവുമില്ലെന്നു് ചിലർ പറയും. അതല്ലാ, അതാതുക്രിയകളെ സ്തുതിക്കുകമാത്രമാണു് ഇവയെക്കൊണ്ടു ചെയ്യുന്നതെന്നു് മററു ചിലർ പറയുന്നു. മനസ്സിരുത്തി പരിശോധിച്ചാൽ ഫലശ്രുതികളിലും അർത്ഥവാദങ്ങളിലും പറയുന്നതെല്ലാം വാസ്തവമാണെന്നും കാണാറാകും. ഒരു ഉദാഹരണം പറയാം.

വിഷ്ണുസഹസ്രനാമത്തിലെ ഫലശ്രുതിയെപ്പററി ആദ്യം നോക്കുക:— സമ്പൽസമൃദ്ധി, രോഗനാശം, പുരുഷാർത്ഥങ്ങളുടെ ലാഭം തുടങ്ങി, സംസാരബന്ധത്തിൽനിന്നു മോക്ഷംപോലും സഹസ്രനാമം ജപിക്കുന്നവക്കു് ഉണ്ടാകുമെന്നു് ഫലശ്രുതിയിൽ കാണുന്നു. എത്രയോ പേർ സഹസ്രനാമം ജപിക്കാറുണ്ടു്. അവക്കൊന്നും ഇവയെല്ലാം സിദ്ധിക്കുന്നതായി കാണുന്നില്ല. പക്ഷെ മനസ്സിരുത്തി നോക്കിയാൽ അവയിൽ രണ്ടു ശ്ലോകങ്ങളെ പ്രത്യേകം ഗണിക്കേണ്ടതുണ്ടു്.

1. ഭക്തിമാൻ യസ്സദോത്ഥായ ശുചിസ്തദ്ഗതമാനസഃ
   സഹസ്രം വാസുദേവസ്യ നാമ്നാമേതൽപ്രകീർത്തയേൽ

ബാഹ്യാഭ്യന്തരശുദ്ധികളോടും വിഷ്ണുവിൽത്തന്നെ അർപ്പിച്ച ധ്യാനത്തോടും ഭക്തിയോടുംകൂടെ വിഷ്ണുസഹസ്രനാമത്തെ എല്ലാപ്പോഴും ചൊല്ലേണം. ഇതിൽ പറഞ്ഞിട്ടുള്ള ശുദ്ധിയുടെ കാര്യം നോക്കാം. ബാഹ്യശുദ്ധി ഒരുപക്ഷെ ഉണ്ടാവാമെങ്കിലും ആന്തരശുദ്ധിയുണ്ടാവാൻ വളരെ പ്രയാസമാണു്. കാമം, ക്രോധം, അസൂയ മുതലായ ആസുരങ്ങളായ ദോഷങ്ങളുടെ സ്പർശംപോലും മനസ്സിലുണ്ടാവരുതു്. മനസ്സിൽ ആസുരദോഷങ്ങൾ ഇല്ലാത്തവർ വളരെ

ചുരുക്കമായിരിക്കും. ഭക്തിയുടെ കാര്യം പറയേണ്ടതില്ല. ഭക്തൻെറ നില ഇന്നവിധമാവേണമെന്നു ആ ഫലശ്രുതിയിൽതന്നെ കാണുന്നു.

2. നക്രോധോ ന ച മാത്സര്യം
നലോഭോ നാശുഭാമതിഃ
ഭവന്തി കൃതപുണ്യാനാം
ഭക്താനാം പുരുഷോത്തമേ.

പുരുഷോത്തമനിൽ ഭക്തന്മാരായ സുകൃതികൾക്ക് ക്രോധം, മത്സരം, ലോഭം, ചീത്തവിചാരം—ഇതൊന്നും ഉണ്ടാവില്ല. ഏവംവിധമായ ഭക്തിയോടും ഈശ്വരങ്കൽമാത്രം മനസ്സുവെച്ചുംകൊണ്ടും എവനാണോ സഹസ്രനാമം ജപിക്കുന്നതു് അത്തരക്കാർക്കാണ് ഫലശ്രുതിയിൽ പറയുന്ന സിദ്ധികൾ ഉണ്ടാവുക. ശാസ്ത്രപ്രകാരം നിർമ്മിക്കാത്ത ഔഷധങ്ങൾകൊണ്ടു് രോഗശാന്തിയുണ്ടാവാത്തതുപോലെ ഫലശ്രുതിയിൽ പറയുന്ന ഭക്തി മുതലായ ഗുണങ്ങളോടുകൂടാതെ സഹസ്രനാമം ജപിച്ചതുകൊണ്ടു് അതിൽ പറയുന്ന ഫലങ്ങളൊന്നും സിദ്ധിക്കുന്നില്ലയെന്നേ പറയേണ്ടതുള്ളൂ. എല്ലാ ഫലശ്രുതികളുടേയും നില ഏതാണ്ട് ഇതുതന്നെയാണ്. ഫലശ്രുതിയിൽ പറയുന്നവിധത്തിൽ അതു് ജപിക്കുകയോ അതുകൊണ്ടു ഉപാസിക്കയോ ചെയ്താൽ അതിൽ പറയുന്നഫലവും സിദ്ധിക്കും. പലശ്രുതിയിൽ പറയുംപ്രകാരം ചെയ്യുവാൻ സാധിക്കുകയില്ലെന്നുവച്ചു് ഉപാസനയെ ഉപേക്ഷിക്കരുതു്. ഒന്നുമില്ലെങ്കിൽ ഈശ്വരസംബന്ധമായ ഒരു വാസനയെങ്കിലും അത്തരത്തിലുള്ള ഉപാസനകൊണ്ടുണ്ടാകും. പല ഫലശ്രുതികളെപ്പററിയും അർത്ഥവാദങ്ങളെപ്പററിയും പലതും പറയാനുണ്ടാകും. അതിന്നിപ്പോൾ വിസ്താരഭയത്താൽ തുനിയുന്നില്ല. ഫലശ്രുതിയിൽ പറയുന്നകാര്യങ്ങളൊന്നും ഉണ്ടാവുന്നതു് കാണാത്തതുകൊണ്ടു സ്തോത്രങ്ങളെക്കൊണ്ടു് ഈശ്വരനെ ആരാധിക്കണമെന്നില്ല എന്നുള്ള തെററായ അഭിപ്രായം ഉപേക്ഷിക്കണമെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ദൈവസംബന്ധമായ വാസനയെങ്കിലും ഉണ്ടാകട്ടെ എന്നു വിചാരിച്ചു് കഴിയുംവിധം സ്തോത്രങ്ങളെക്കൊണ്ടു് ഉപാസന ചെയ്യണം. മുമ്പ് ഒരവസരത്തിൽ പറഞ്ഞ മനോനിയമനത്തെയും കഴിയുന്നപ്രകാരത്തിലുള്ള ഈശ്വരോപാസനയേയും നടത്തി മനസ്സിനെ സാത്വികമാക്കിത്തീർക്കണം. അതാണ് ഇന്നത്തെ ആവശ്യം.

# സീതാസ്വയംവരം *

(കല്യാണപ്പാട്ട്)

## ഒരു പ്രാചീന കൃതി.

കരിമുഖനാം ഗണപതിയും കവിമാതാവും
കാർവ്വർണ്ണൻ താനുമെന്റ ഗുരിക്കന്മാരും
ഇവിടെയൊക്ക സഭനടുവിൽ വന്നിരുന്നു്
സീതാസ്വയംവരമുരപ്പാൻ തുണക്കെനിക്ക്

പാരിടത്തിൽ പുകൾപൊങ്ങും ജനകരാജൻ
പാരാതെ കല്പിച്ചു സ്വയംവരത്തെ
ആറുമാസം മുമ്പു പന്തൽപണി തുടങ്ങി
ആലഭാരത്തിന്നു പെരുമ്പറയും കൊട്ടി
ഊട്ടുപന്തലുറക്കുപന്തലുണ്ണും പന്തൽ
ഉയർത്തിനല്ല നടപ്പന്തൽ നഗരപ്പന്തൽ
നല്ലരങ്ങത്തിട്ടപന്തൽ പൊന്നും പന്തൽ
നടുമുററത്തിട്ടപന്തൽ കനകപ്പന്തൽ
കാമിനിമാർക്കഴകുപന്തൽ കളിക്കും പന്തൽ
കാണികൾ വന്നവർക്കിരുപ്പാൻ ചുററും പന്തൽ
പലപല രാജാക്കൾ വന്നാലവർക്കിരുപ്പാൻ
പലതരത്തിൽ പരമധാനി പണിതീർപ്പിച്ചു

പൂമടലിൻറോല വെട്ടിനിരക്കെ തൂക്കി
പൂക്കുലയും മാലനല്ല പഴക്കത്തൂക്കി
ചെങ്കദളിക്കുലകൾ തൂക്കി ഇളനീർത്തൂക്കി
ചന്ദനത്തിൽ കാൽപൊതിഞ്ഞു നക്കകത്തി
നല്ലനല്ല പട്ടുകൊണ്ടു വിതാനിച്ചിട്ട്
വെണ്മയുള്ള മേലാപ്പും ഞൊറിയും തൂക്കി
മുത്തുരത്നം പതിച്ച വെള്ളിപ്പീഠം വെച്ച്
മുത്തിനാലെ പറനിരപ്പും നിറച്ചുവെച്ച്

* എഴുത്തച്ഛന്റെ ശിഷ്യനായ എഴുപത്തു വലിയകോപ്പ സ്വാമികളുടെ പിതാവായ എലപ്പുള്ളി യക്ഷണത്ത് ചാത്തപ്പനുണ്ണീകയ്മളുടെ വകയാണ് ഈ കൃതി. അടുത്തകാലംവരെ പാലക്കാട് താലൂക്കിൽ പലയിടത്തും വിവാഹാവസരങ്ങളിൽ ഇതു പാടുക പതിവായിരുന്നു.

ആസ്ഥാനേ നിലമണിഞ്ഞു വിളക്കുവെച്ച്
മംഗല്യമാമ്മാറു പീഠത്തിന്മേൽ
അഴകിയലും സ്ഥാനമോടെ ഗ്രന്ഥകെട്ടും
മടക്കുപുട കണ്ണാടി ചരക്കോൽപീഠം
പൊൻചുരിക പാൽക്കിണ്ടി നിറച്ചുവെച്ച്
മുമ്പിനാലെ മണിവിളക്ക കൊളുത്തിവെച്ച്

ഏഴുദിനം മുമ്പുവന്ന ദേവനാരി
ജനങ്ങളെല്ലാമിരുന്നു പാടിത്തുടങ്ങിനാര്
ഏണമിഴിയാളെ നന്നായ് ചമയിച്ചിട്ട്
തോഴിമാരോടിരുപുറവും കരങ്ങൾതാങ്ങി
മന്ത്രകോടിപ്പുടവകൊണ്ടു മൂടിനന്നായ്
ഭംഗിയോടെ ബ്രഹ്മാക്കൾ വലത്തുവെച്ച്
സുന്ദരനാം മണവാളൻ ചമയം കണ്ടാൽ
മുമ്പിലുള്ളോർക്കൈമ്പനെന്നു തോന്നും
നീളമുള്ള പട്ടുകൊണ്ടു ഞെറിഞ്ഞുടുത്ത്
വീരവാളിപ്പട്ടുകൊണ്ടു പുതച്ചു നന്നായ്
പറരുമാറങ്ങരഞ്ഞാളും വളയുമിട്ട്
ഭംഗിയോടെ രാമദേവൻ വരുന്നനേരം
കൊമ്പുകുഴൽ താളമേളം പലതരത്തിൽ
നടത്തുവെടി വാൾപരിചാ ആലവട്ടം
കുടതഴകൾ പൂരിവിളി സൂര്യകാന്തം
പരിചിനോടെ ആർപ്പുവിളി നടത്തും ചൊല്ലി
അഴകിനോടെ വിതാനിച്ച മണിത്തറയിൽ
പരിചിനോടെ വന്നിരുന്നാൻ രാമദേവൻ
എടുക്കരുതാർ കിങ്കരന്മാർ കൊണ്ടുവന്ന
വില്ലെടുത്തു കുലച്ചുവലിച്ചൊടിച്ചു രാമൻ
ഒടിഞ്ഞ വില്ലു ഭൂമിതന്നിൽ വീഴുംമുമ്പെ
ഉഴറിയുടനെഴുനീററാൾ സീതാദേവി
തുയ്യതൊരു കനകമാല കൈപിടിച്ച്
പാദങ്ങളിളകാതെ മെല്ലെച്ചെന്നു
ഉടയവനേ ഭർത്താവായ് വാഴ്കയെന്ന്
ഉൾക്കനിഞ്ഞിട്ടവൻ കഴുത്തിൽ മാലയിട്ടാൾ

അന്നവരും സുഖിച്ചിരുന്ന പരിചുപോലെ
ഇന്നിവരും സുഖിച്ചിരിക്ക പലനാളെല്ലാം.

# കന്യാകുമാരിയുടെ തൃച്ചേവടികളിൽ

(സി. ദാമോദരമേനോൻ, വിലങ്ങൻ.)

ആകർഷകമായ ഒരു പ്രഭാതം. ഭാരതാംബയുടെ പാദപല്ലവങ്ങളെ പരിചരിക്കുവാൻ ഭാഗ്യം സിദ്ധിച്ച കന്യാകുമാരി തന്റെ ധന്യതയോർത്തെന്നപോലെ പ്രസന്നയായിരിക്കുന്നു. ജ്യോതിസ്വരൂപങ്ങളായ ഗോളങ്ങളുടെ-ലോകചക്ഷുസ്സുകളായ ചന്ദ്രാർക്കന്മാരുടെ മജ്ജനോന്മജ്ജനങ്ങളെ മാറിമാറി കാണുവാൻ കഴിയുന്ന ആ സ്ഥലം ലോകതത്വങ്ങളുടെ ഒരു പ്രദർശനശാലയെന്നോണം നിലകൊള്ളുന്നു. അപാരമായ പരാവാരവും അനന്തമായ ആകാശമണ്ഡലവും അന്യോന്യമാശ്ലേഷിക്കുന്ന ദിക്കിൽ - ആ വിദൂരചക്രവാളത്തിൽ- ചുവട്ടിലേയും മുകളിലേയും അപാരതകൾ അജ്ഞേയതയുടെ അടയാളമായ നീലിമയാൽ ഐക്യകോമളിമയിലാറാടി നില്ക്കുമ്പോൾ ദിവ്യമായൊരു തേജഃപുഞ്ജം അതാ ആവിർഭവിക്കുന്നു. ആ ചക്രവാളം- അതൊരു മൃഗതൃഷ്ണയാണ്-ഉത്തരം കിട്ടാത്ത കടംകഥയാണ്. അവിടെ ചെന്നാൽ ആകാശമണ്ഡലത്തെ തലോടാമെന്നു തോന്നാം. സർവ്വാന്തര്യാമിയെങ്കിലും ആ തത്വം മനുഷ്യനു ഇനിയും അസ്പൃശ്യമായിത്തന്നെയിരിക്കുന്നു. എന്നാൽ ആ തേജോഗോളമോ? അതു ആ മായാമണ്ഡലത്തിന്റെ സത്യപ്രകാശമാണ്. പൌരസ്ത്യദേശത്തിൽനിന്നുദിച്ചുയർന്ന ആ ജ്യോതിസ്സ് തന്റെ പ്രഭാപ്രവാഹത്തിൽ ലോകത്തെ ആറാടിച്ചുകൊണ്ടു് പശ്ചിമദേശത്തെ അഭിമുഖീകരിച്ച് പ്രയാണമാരംഭിച്ചു. അജ്ഞാതമായ ഏതോ ദിക്കിൽനിന്നെത്തിയ പ്രാഭാതികത്തെന്നൽ ലോകത്തെ മിഥ്യാസ്വപ്നത്തിൽനിന്നു ഉണർത്തി. ആ മോഹനസൌന്ദര്യത്തിൽ ആനന്ദമത്തരായ കല്ലോലപോതങ്ങൾ കളകള ശബ്ദത്തോടുകൂടി തുള്ളിക്കളിച്ചു. എങ്ങും നിറഞ്ഞ നിശ്ശബ്ദത. കടൽക്കാക്കകളുടെ കരച്ചിലും കല്ലോലങ്ങളുടെ കളകളവുമല്ലാതെ മറെറാന്നും ആ ശാന്തതയെ ഭഞ്ജിക്കുന്നില്ല.

മോഹനമായ ഈ ശുഭമുഹൂർത്തത്തിൽ കന്യാകുമാരി ക്ഷേത്രത്തിന്റെ പുരോഭാഗത്തു ബാലഭാസ്കരന്റെ പ്രതിബിംബമെന്നു തോന്നുമാറ് തേജസ്വിയായ ഒരു യുവയോഗി ധ്യാനനിമഗ്നനായി ഇരിക്കുന്നു. ഹൃദയകർണ്ണികാരമദ്ധ്യത്തിൽ പരിലസിക്കുന്ന പരംജ്യോതിസ്സിന്റെ ബഹിർഗ്ഗത പ്രകാശംപോലെ

ആ ദിവ്യനിൽ അഭൌമകാന്തിവിളയാടുന്നു. ശരീരാവരണമായ കാഷായവസ്ത്രത്തിൽ ആ കാന്തി പ്രതിഫലിച്ചു അതിനു കനകപ്പട്ടിൻെറ കമനീയമായ ആകൎഷകത്വപ്രദാനം ചെയ്യുന്നു. അവ്യാജസുന്ദരമായ ആ മുഖമണ്ഡലത്തിൽ ഒരു യോദ്ധാവിൻെറ ധീരതയും ഒരു കുട്ടിയുടെ നിഷ്കളങ്കതയും കളിയാടുന്നുണ്ടു്. വികാസോന്മുഖങ്ങളായ സാരോരുഹങ്ങളുടെ ഉള്ളിൽ ഭ്രമരങ്ങൾപോലെ അൎദ്ധോന്മീലിതങ്ങളായ ആ നേത്രങ്ങളുടെ മദ്ധ്യത്തിൽ നിശ്ചലങ്ങളായ കനീനികകൾ കാണപ്പെടുന്നു്. മസൃണങ്ങളായ ശ്മശ്രുരാജികൾ മുഖകാന്തിയുടെ ഒരംശത്തെ ആച്ഛാദനം ചെയ്യുന്നുണ്ടെങ്കിലും അതിനൊരു ഗൌരവഭാവം കൊടുക്കുന്നു. അദ്ദേഹം ജഗന്മാതാവായ പരാശക്തിയിൽനിന്നു പൊഴിയുന്ന ചൈതന്യമദ്യത്തിൻെറ ലഹരിയിൽ ലയിച്ചു ബോധശൂന്യനായിരിക്കുകയാണു്.

ആരാണു് ആ യുവയോഗി? അദ്ദേഹമത്രെ ദക്ഷിണേശ്വരത്തിലെ യോഗിവൎയ്യൻെറ മാനസസന്താനമായ നരേന്ദ്രൻ—വിശ്വവിഖ്യാതനായ വിവേകാനന്ദസ്വാമികൾ—അധഃപതനോന്മുഖമായിരുന്ന ഹൈന്ദവധൎമ്മത്തെ പുനരുദ്ധരിപ്പാൻ അവതീൎണ്ണനായ നവീനശങ്കരാചാൎയ്യർ-പോരാ, ഉപനിഷദുദ്യാനത്തിലെ പ്രഫുല്ലകുസുമങ്ങളുടെ പരിമളധോരണിയെ പാരെങ്ങും പരത്തിയ പരിണതപ്രജ്ഞനായ പണ്ഡിതവൎയ്യൻ. ഭോഗലോലുപമായ മാനസമെ! ആ ദിവ്യവിഗ്രഹത്തിൻെറ പാദപല്ലവത്തിൽ ക്ഷണനേരം വിശ്രമിച്ചു നീ കൃതാൎത്ഥത നേടുക!

സ്വാമികൾ ധ്യാനത്തിൽനിന്നുണൎന്നു. അദ്ദേഹത്തിൻെറ നയനാംബുജങ്ങൾ പൂൎണ്ണവികസിതങ്ങളായി. ആനന്ദാശ്രുക്കൾ ഒഴുകിയ പാടുകൾ ആ കവിൾത്തടത്തിൽ കാണാം. സ്വൎഗ്ഗീയനിൎവൃതിയാൽ ഹസ്താവലംബിതനായ ഒരു ബാലനെന്നപോലെ അദ്ദേഹം എഴുന്നേററു നടന്നുതുടങ്ങി. ക്ഷേത്രത്തിൻെറ പൂൎവ്വഭാഗത്തുകിടക്കുന്ന ഇന്ത്യാ സമുദ്രത്തിൻെറ തീരത്തേക്കാണു് അദ്ദേഹത്തിൻെറ യാത്ര,

അപാരതയിലേക്കു അദ്ദേഹം ഒന്നു കണ്ണോടിച്ചു. മുകളിൽ വിശാലമായ നീലാകാശം. അടിയിൽ അതിൻെറ പ്രതിബിംബമെന്നപോലെ അപാരമായ അംബുരാശി. ചക്രവാളത്തിൻെറ അല്പംമുകളിലായി ആദിത്യദേവനും ഇതെല്ലാം നോക്കിക്കൊണ്ടു നില്ക്കുന്നു. കരയിൽനിന്നല്പം ദൂരെമാറി ഏതൊ ജലജന്തുഃപാവ

ഒരു വലിയ പാറക്കെട്ടുണ്ട്. തന്റെ ഭാരതപര്യടനം പൂർത്തിയാക്കുവാൻ ആ പാറക്കെട്ടിലും കയറണമെന്നു അദ്ദേഹത്തിനു തോന്നി. ആ പാറക്കെട്ട് എത്രമാത്രം ദുഷ്പ്രാപമാണോ അത്രക്കും ഉൽക്കടമായിതീർന്നു അദ്ദേഹത്തിന്റെ ആശയും. ഉടൻതന്നെ ആ യുവയോഗിയിൽ ദിവ്യമായ ഒരാവേശം കയറി. നേത്രങ്ങൾ ജ്വലിച്ചു. ശരീരത്തിനു ഉന്മേഷം ലഭിച്ചു. അദ്ദേഹം കുട്ടിയുടെ ഉത്സാഹത്തോടെ സമുദ്രത്തിലേക്കു എടുത്തൊരുചാട്ടം! സ്വാമിജി നീന്തിത്തുഴഞ്ഞ് പാറയുടെ മസ്തകത്തിൽ കയറി.

ഭാരതവർഷത്തിന്റെ തെക്കെത്തലക്കലെ ആ പാറക്കെട്ടിൽ ഇരുന്നുകൊണ്ടു സ്വാമികൾ തന്റെ മാതൃഭൂമിയെ കൺകുളുക്കെ കനുനോക്കി. ഭാരതാംബയുടെ പുത്രനായതിൽ അദ്ദേഹം അഭിമാനിച്ചു. ഹിമാലയത്തിന്റെ മഞ്ഞണിഞ്ഞ ധവളശിഖരങ്ങൾകൂടി സ്വാമിജി ആന്തരികനേത്രത്താൽ കണ്ടു. സ്വാമിജി, തന്റെ മാതൃഭൂമിയെ ഒന്നുനല്ലവണ്ണം തിരിഞ്ഞുനോക്കി. എന്താണ് അദ്ദേഹം അവിടെ കണ്ടത്? ഉൽക്കടമായ അജ്ഞത; ദുസ്സഹമായ ദാരിദ്ര്യം. ലോകത്തിനെല്ലാം വിജ്ഞാനത്തെ ദാനംചെയ്തിരുന്ന ഭാരതമേദിനി അജ്ഞതയുടെ അടിത്തട്ടിലേക്കു അധഃപതിച്ചിരിക്കുന്നു. തേനും പാലും ഒഴുകിയിരുന്ന ഭാരതം പട്ടിണിപ്പാവങ്ങളുടെ പട്ടടയായി മാറിയിരിക്കുന്നു അദ്വൈതത്തിന്റെ ജന്മഭൂമി നാനാത്വത്തിന്റെ നടനരംഗമായിരിക്കുന്നു. അജ്ഞാനം, ദുരഭിമാനം, പാരതന്ത്ര്യം ഇവ സമുദായത്തിന്റെമേൽ കുന്നുകൂടി അതിനെ ശ്വാസംമുട്ടിക്കുന്നു. ഭാരതം വിനാശത്തിന്റെ വക്കത്തെത്തിയിരിക്കുന്നു.

ഇതദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചു. മാതാവിന്റെ ദയനീയതയിൽ ഹൃദയവേദന അനുഭവിച്ചിരുന്ന അദ്ദേഹത്തിനു ഈ ആഘാതം അസഹ്യമായി. ജിതേന്ദ്രിയനായ ആ യോഗിവര്യന്റെ നേത്രങ്ങളിൽനിന്നു തപ്തമായ ഒരു കണ്ണീർക്കണം ആ പാറപ്പുറത്തു പതിച്ചു ഭാരതവർഷം ചിരകാലമായി ആഗ്രഹിച്ചിരുന്ന ആ കണ്ണീർക്കണമാസ്വദിക്കുവാനുള്ള യോഗമുണ്ടായതു് ആ കടലിൽക്കിടന്ന കരിമ്പാറക്കെട്ടിനാണ്. ഹൃദയത്തിൽനിന്നുൽഗളിക്കുന്ന ഇത്തരം കണ്ണുനീർത്തുള്ളികളിൽനിന്നാണ് ലോകചരിത്രത്തിലെ മർമ്മസ്പൃക്കായ പല പരിവർത്തനങ്ങളും ഉണ്ടായിട്ടുള്ളതു്. ആ കണ്ണുനീർത്തുള്ളി ഒരു ഭാസുരഭാരതത്തിന്റെ ഉദയത്തിനു മുമ്പുള്ള ഒരു വെള്ളിനക്ഷത്രമായിരുന്നു. ഇന്ത്യയിലെ ദരിദ്രരുടെ ദീനരോദനവും അജ്ഞതയുടെ അട്ടഹാസവും കടലി

ന്റെ ഇരമ്പലിനെക്കൂടെ അതിശയിച്ച് അദ്ദേഹത്തിന്റെ ചെവികളിൽ മുഴങ്ങി. ലൌകികവിരക്തനായി ശാശ്വതശാന്തിയിലേക്കു പ്രയാണം ചെയ്തിരുന്ന ആ സന്യാസിവര്യനു ഇവ വീണ്ടുംതന്നെ ലോകത്തിലേക്കു—കഷ്ടപ്പാടുകളുടെ മദ്ധ്യത്തിലേക്കു പിടിച്ചുവലിക്കുന്നതായി തോന്നി. ആ പിടിവിടുവിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഭാരതാംബയുടെ കരുണാമയമായ ആഹ്വാനത്തെ നിരസിക്കുവാനുള്ള മനശ്ശക്തി ആ മഹാമനസ്കനു ഉണ്ടായിരുന്നില്ല. അദ്ദേഹം അതിനു കീഴടങ്ങുവാൻ തന്നെ ഉറച്ചു.

അദ്ദേഹത്തിന്റെ ചിന്താവിഷയമെന്തായിരുന്നു? ഭാരതമല്ലാതെ മറ്റൊന്നുമല്ല. ബംഗാളത്തെപ്പറ്റിയോ പഞ്ചാബിനെപ്പറ്റിയോ അല്ല, ഇന്ത്യയെപ്പറ്റി മാത്രമായിരുന്നു അദ്ദേഹം ചിന്തിച്ചതു്. ചരിത്രത്തിന്റെ കണ്ണുകൾക്കു കടന്നുചെല്ലാൻ കഴിയാത്ത ആ പ്രാചീനകാലത്തിൽതന്നെ സംസ്കാരസമ്പന്നമായിരുന്ന രാജ്യം—ലോകമെങ്ങും പടർന്നുപിടിച്ച പരിഷ്കാരലതയുടെ മൂലാധാരമായ പുണ്യക്ഷേത്രം—ഉപനിഷൽപ്രാഭകന്മാരായ മുനീശ്വരന്മാരുടെ ജന്മഭൂമി—എന്റെ ഭാരതം. ഇത്രയുമാകുമ്പോഴേക്കും അഭിമാനാവേശത്താൽ അദ്ദേഹത്തിന്റെ രോമങ്ങൾ വിജൃംഭിതങ്ങളാകും; കണ്ണുകൾ നിറയും. ഉടൻതന്നെ അദ്ദേഹം ഭാരതത്തിന്റെ ആധുനികാവസ്ഥയെപ്പറ്റി ചിന്തിക്കുകയായി. തൽക്ഷണം ഹൃദയത്തിന്റെ അഗാധതലങ്ങളിൽനിന്നു നെടുവീർപ്പുകൾ പുറപ്പെടും. ഇപ്രകാരം സമ്മിശ്രതയിൽ വികാരങ്ങൾ അലതല്ലുമ്പോൾ—പ്രശാന്തമായ ആ പ്രഭാതവേളയിൽ—ഏകാന്തമായ പാറപ്പുറത്തു കർമ്മസാക്ഷിയായ ആദിത്യദേവന്റെ മുമ്പിൽവെച്ച് അദ്ദേഹം ഭാരതത്തിന്റെ പുനരുദ്ധാരണപരിപാടി നിർമ്മിച്ചു.

ആദ്ധ്യാത്മികമായ പ്രചോദനത്താൽ മാത്രമേ ഭാരതം ഉദ്ധരിക്കപ്പെടുകയുള്ളു എന്നദ്ദേഹത്തിനു തോന്നി. പ്രാചീനഹൈന്ദവസംസ്കാരം അതിന്നും കെട്ടുപോയിട്ടില്ല. അതു ചാരംപൊതിഞ്ഞ തീക്കൊള്ളിപ്പോലെ മങ്ങിക്കിടക്കുകയാണ്. ആ ചാരം ഊതിപ്പറപ്പിച്ചു അതിനെ ഉജ്ജ്വലിപ്പിക്കണം. അതിന്റെ പ്രകാശത്തിൽക്കൂടിവേണം ഭാരതത്തിനു ഉയരുവാൻ. ജനതയാകുന്ന ഇന്ധനത്തിലൂടെവേണം സംസ്കാരാഗ്നി ജ്വലിക്കുവാൻ. അതുകൊണ്ടു ഭാരതത്തെ ഉദ്ധരിക്കുവാൻ ആദ്യമായി ചെയ്യേണ്ടതു പൊതുജനങ്ങളെ സംസ്കാരസമ്പന്നരാക്കുകയാണ്. ആരാണീ പൊതുജനങ്ങൾ. ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളുമുള്ള കുറെ ജീവച്ഛവങ്ങൾ. അവരാ

ണ് ഭാരതത്തിന്റെ ജീവനാഡിയെ ബലപ്പെടുത്തുന്നതു്. ഈ നാഡിയെ ബലപ്പെടുത്തിയാൽ മാത്രമേ ജീവദ്രാഷ്ട്രങ്ങളുടെ ഇടയിൽ ഭാരതത്തിനു ഒരു പദവി കിട്ടുകയുള്ളൂ. അവരുടെ ഒട്ടിയവയറുകൾ നിവരണം. ഇരുണ്ടഹൃദയത്തിനു വെളിച്ചം കൊടുത്തു അവരെ മനുഷ്യരാക്കണം. പക്ഷെ അതിനു പ്രധാനമായി വേണ്ടതു പണമാണ്. ഒരു ചില്ലിക്കാശുമില്ലാതെ പരിവ്രാജകനായി നടക്കുന്ന തന്നെക്കൊണ്ടു എന്തു സാധിക്കുന്നു? ധനികന്മാരോടു സഹായമപേക്ഷിക്കയാണ് മറ്റൊരുമാർഗ്ഗം. പാറപിഴിഞ്ഞുവെള്ളമെടുക്കാമെന്നു വിചാരിക്കുന്നതുപോലെയാണ് അവരിൽനിന്നുള്ള സഹായപ്രതീക്ഷ. ലോകഗുരുവായ രാമകൃഷ്ണദേവന്റെ ഭൌതികാവശിഷ്ടങ്ങളെ പ്രതിഷ്ഠിക്കുവാൻ ഒരു സ്ഥലം പോലുംകിട്ടാതെ അതിനേയും വഹിച്ചുകൊണ്ട് തന്റെ സഹോദരന്മാരോടുകൂടി നാടെങ്ങും നടക്കേണ്ടിവന്ന ഹൃദയഭേദകമായ കഥയോർത്തപ്പോൾ ധനികന്മാരിൽനിന്നുള്ള സഹായപ്രതീക്ഷ വെറും സങ്കല്പക്കോട്ടയാണെന്നു അദ്ദേഹത്തിനുതോന്നി. പക്ഷെ അന്തരായത്തെ ചിന്തിച്ചു പിന്തിരിയുവാൻ ധീരോദാത്തത അദ്ദേഹത്തെ അനുവദിച്ചില്ല. പണം അപ്രധാനമാണ്. ആളുകളാണ് ആവശ്യം. ചുറുചുറുക്കും ത്യാഗസന്നദ്ധതയുംഉള്ള കുറെ ചെറുപ്പക്കാർ, എന്തിനും സന്നദ്ധരായി ഇറങ്ങാൻ ഉണ്ടാകണം. അപ്പോൾ പണം താനെ ഉണ്ടായിക്കൊള്ളും. അവിടേയും അദ്ദേഹത്തിനു നിരാശയാണുണ്ടായതു്. പാശ്ചാത്യാനുകരണമാണു ജീവിതത്തിന്റെ പരമലക്ഷ്യമെന്നു കരുതുന്ന ചെറുപ്പക്കാർ പാശ്ചാത്യപരിഷ്കാരത്തിന്റെ കൂലംകഷപ്രവാഹത്തിൽ ഹൃദയശൂന്യരായി മാറിയിരിക്കുന്ന കറുത്തസായ്പന്മാർ— കാഷായവസ്ത്രധാരിയായ ഒരു സന്യാസിയുടെ കയ്യുംപിടിച്ച് സേവനത്തിന്റെ ചളിക്കുണ്ടിലേക്കു ഇറങ്ങുമൊ? അദ്ദേഹത്തിന്റെ മനോഗതിതടയപ്പെട്ടു. അദ്ദേഹത്തിന്റെ മനോരഥമാർഗ്ഗത്തിൽ അഗാധമായ ഒരു കിടങ്ങ്! നൈരാശ്യമാകുന്ന ചുററികകൊണ്ടു അജ്ഞാതമായ ഏതോ ബലിഷ്ഠഹസ്തം ആ യുവയോഗിയുടെ ഹൃദയത്തിൽ ആഞ്ഞടിച്ചുതുടങ്ങി. ആ ആഘാതം അസഹ്യമായവേദനയുളവാക്കി. ലോകത്തിന്റെദൈന്യതയിൽമനസ്സലിഞ്ഞ ബുദ്ധദേവന്റെ ഹൃദയവേദനയായിരുന്നു അതു്. താമസന്മാരായ തന്റെ സഹോദരന്മാരെക്കണ്ടിട്ടു മഹമ്മദു നിബിക്കുണ്ടായ മനോവേദനയായിരുന്നു അതു്. അത്തരം മനോവേദനയിൽനിന്നത്രേ ഉത്ഥത്തിന്റെ പുറപ്പാട്. കദനത്തിന്റെ കല്ലോലാസ്ഫാലനം അ

ദ്ദേഹത്തിൻെറ മനസ്സിനെ ബോധാതീതാവസ്ഥയിലേക്കു എത്തിച്ചു. അലയടിക്കുന്ന ആഴിയും, ആകാശവും ഭൂമിയും താൻതന്നെയും ഏതോ അപാരതയിൽ പോയി അന്തർദ്ധാനം ചെയ്യുന്നതുപോലെ തോന്നി. എങ്ങും കനത്ത കൂരിരുൾ അതാ ആ ശൂന്യതയിൽ ഒരു തേജസ്സാവിർഭവിക്കുന്നു. അതിൻെറ മദ്ധ്യത്തിലായി മന്ദസ്മിതാർദ്രമായ ഗുരുദേവൻെറ മുഖമണ്ഡലം തെളിഞ്ഞു വിളങ്ങുന്നു. ആ വദനാംബുജത്തിൽനിന്നു പുറപ്പെടുന്ന കാരുണ്യമകരന്ദം അദ്ദേഹത്തിൻെറ ഹൃദയത്തിലെ കന്മഷക്കറയെ കഴുകിക്കളഞ്ഞു. അദ്ദേഹം ദിവ്യനിർവൃതിയിലാണ്ടു. ഗുരുദേവൻ തന്നിലർപ്പിച്ചിട്ടുള്ള കർത്തവ്യഭാരത്തെപ്പററി അദ്ദേഹം ഓർത്തു. അദൃഷ്ടപൂർവമായ ഒരു ദൃഢനിശ്ചയഭാവം ആ മുഖത്തു വിടർന്നുവിളങ്ങി.

—:o:—

# പെരുമാൾവാഴ്ച

(തുടർച്ച)

## ഒരു പ്രാചീന അപ്രകാശിതകൃതി

### 10.

ചെണ്ട, ചെറുചൂണ്ടു, തുടി, വീണ, യണ ഭേരി പറ
മത്തളംതൊട്ടു പതിനെട്ടു മതിചൂരമൊടുവീക്കി,
മാതർ കുരവൊക്കി, മാനിടർകൾതിക്കി,
യാനപൊഴുതാരണരുമോരു ഗിര മോതിയൊരു വാര
ണവരൻെറ മൂത്തുകേററി മണി മൌലിയൊടുമെത്തി,
ഏത്തവിതിയേത്തി, ചുത്ത പുനൽവീത്തി—

അർത്ഥം

ചെറുചൂണ്ടു്=ചെറുകുഴൽ. തുടി=ഉടുക്കു് അഥവാ ഇടക്ക. അണ=ഒരുതരം വാദ്യം (അരയിൽ കെട്ടി കൊട്ടുന്നതു്). ചൂരമൊടു=ശക്തിയോടുകൂടി. വീക്കി=അടിച്ചു. മാതർ=സ്ത്രീകൾ കുര=കുരവ (മംഗളധ്വനി.) മാനിടർ=മനുഷ്യർ. ആനപൊഴുത്=ആ സമയത്തു്. ഓരുഗിരം = വേദഗാനം. മണിമൌലി = രത്നകിരീടം. ഏത്തി=പൂജിച്ചു. ചുത്തപുനൽ=ശുദ്ധജലം—പുണ്യാഹം.

*

ഭാവം

ചെണ്ട, ചെറുകുഴല് എടക്ക ഉടുക്ക് പെരുമ്പറ മദ്ദളം മുതലായ പതിനെട്ടുതരം വാദ്യങ്ങളും മുഴക്കി. സ്ത്രീജനങ്ങൾ മംഗളധ്വനി പുറപ്പെടുവിച്ചു. ജനങ്ങളുടെ തിക്കുതിരക്കു വർദ്ധിച്ചു. ആ സമയത്തു മഹാബ്രാഹ്മണർ വേദഗാനാലാപനയോടുകൂടി ഒരു ഗജശ്രേഷ്ഠന്റെ പുറത്തു് പെരുമാൾക്കു ധരിക്കുവാനുള്ള രത്നകിരീടത്തെ എഴുന്നള്ളിച്ചു കൊണ്ടുവന്നു. വിധിയാംവണ്ണം പുണ്യാഹം കഴിച്ചു് അതിനെ പൂജിച്ചു.

(11)

നൽചതുരമൊത്തതൊരു കൽതളിരതിങ്കലരുളരചമുടിമൌലി യതിമുതിതമൊടുചേർത്തു തേ — അകിലവരുമാർത്തു തേ — വിചയ മൊഴിവീർത്തുതേ — അരിവിതറിയാരണർ, മലർവിതറിമാതരർ, പൊരിവിതറി വേതിയർ, നിലവിതറിനമ്പിയർ, കുതൈവിതറികോതൈയർ, ചിതൈവിതറി ചിത്തിയർ.

അർത്ഥം

നൽചതുരമൊത്ത=നാലുഭാഗവും സമഅളവിൽവൃത്തമൊത്ത, കൽതളിർ=ഏററവും മിനുസപ്പെടുത്തിയ കരിങ്കല്ലു്, അരുൾ=അരുളുന്ന, അരചമുടി=പെരുമാളുടെ ശിരസ്സിൽ, മൌലി=കിരീടം, മുതിതം=സന്തോഷം, വിചയമൊഴി=വിജയാശംസ, വീർത്തു=മുഴങ്ങി, മലർ=പുഷ്പം, മാതർ=സ്ത്രീകൾ, വേതിയർ=വേദജ്ഞന്മാർ, നില=സ്ഥാനാധികാരം (അഭിഷേകം), കുതൈ=കടക്കൺ, കോതൈയാർ=അംഗനാമണികൾ, ചിത=ഭസ്മം, ചിത്തിയർ=ജ്ഞാനികൾ,

ഭാവം

വൃത്തമൊത്തതും, ഏററവും മിനുസപ്പെട്ടുത്തിയതും ആയ ഒരു കരിങ്കൽത്തറയിൽ (മണ്ഡപത്തറ) ഇരുന്നരുളുന്ന പെരുമാളുടെ ശിരസ്സിൽ ആനന്ദത്തോടെ കിരീടം ചാർത്തി. ആ സമയത്തു അഖില ജനങ്ങളും ജയജയഘോഷം മുഴക്കി. മഹാബ്രാഹ്മണർ അരിവിതറി, കുലസ്ത്രീകൾ പുഷ്പവൃഷ്ടിചെയ്തു, വൈദികന്മാർ മലർപ്പൊരിവിതറി, പൂജകൻ അഭിഷേകംചെയ്തു. അംഗനാരത്നങ്ങൾ കടക്കണ്ണുകൊണ്ടു സ്വാഗതമരുളി ജ്ഞാനികൾ വിഭൂതിധൂളിവിതറി.

12

മണിമകുടമേത്തിയുടനമ്പതുടയോരുമവിടത്തിലണയെത്തിമു

ഴകുംഭമൊഴികാണികണിവെച്ചടി പണിഞ്ഞവരു വിണ്ണുരുമൈ നേടിയേ, കോൻവിരുതുനേടിയേ, അകിലവരുമാർപ്പിയേ—പെരുമകിതകോതൈയിതിയെപ്പേരുമപ്പരിച കോനരുളുവക്ക് പെരുമകിമമുടയനാമമരുളോതിയേ—

അർത്ഥം

മണിമകുടം=രത്നകിരീടം, ഏത്തി=ധരിച്ച്, അമ്പത്തുടയോർ=അമ്പതുരാജാക്കന്മാർ, അണിയെത്തി=അണിയായ്നിരന്നു്, മുഴകുംഭം=പൂർണ്ണകുംഭം ഒഴി=ചൊരിഞ്ഞു (കീഴ്‌രാജാക്കന്മാർ പൂർണ്ണകുംഭം ചൊരിയുന്നത് പെരുമാളുടെ അധികാരം സമ്മതിക്കുന്ന ചടങ്ങാണു്.) കാണി=തിരുമുൽക്കാഴ്ച, കണിവെച്ച്=സമർപ്പിച്ച് അടിപണിത്=നമസ്കരിച്ച് വിണ്ണുരുമൈ=സ്വർഗ്ഗസുഖം കോൻവിരുതു=രാജസമ്മാനം ആർപ്പിയേ=ആർപ്പുവിളിച്ചു പെരുമകിതകോതൈ=ഏററവും മഹിമയേറിയ കോതൈ (ചേരൻ) (ചേരമാൻ പെരുമാൾക്ക് "പെരുമാക്കോതയാർ" എന്നു തമിഴിൽ ഒരു സ്ഥാനപ്പേരുള്ളതു് ഇവിടെ സ്മരണീയമാണു്.) ഇതി=ഇപ്രകാരം എപ്പേരു=എല്ലാവരും അപ്പരിച=ആ സമയത്തു കോനരുളവർ=രാജാവായ് വാഴുന്നവർ (പെരുമാൾ) പെരുമകിമ=ഏററവും മഹിമയുള്ള.

ഭാവം

പെരുമാൾ കിരീടം ധരിച്ചു ഉടനെ കീഴ്‌ഭരണകർത്താക്കളായ പതിനെട്ടുനാട്ടിലുമുള്ള അമ്പതു രാജാക്കന്മാരും ക്രമപ്രകാരം അണിനിരന്നു് പെരുമാളുടെ സന്നിധാനത്തുവന്നു അധീശാധികാരം സമ്മതിച്ചാശിസ്സുനല്കുന്ന പൂർണ്ണകുംഭം ചൊരിഞ്ഞ് തിരുമുൽക്കാഴ്ചവെച്ച് രാജസമ്മാനം നേടി പരമസന്തുഷ്ടന്മാരായ്ത്തീൎന്നു. "പെരുമാക്കോതയാർ" എന്ന മഹനീയബിരുദം ആ സമയത്തു സൎവരും ഏകോപിച്ച് പെരുമാൾക്കു നല്കി എല്ലാവരും ചേൎന്നു ആർപ്പുവിളിച്ചു.

· 13

അതുവേളയിങ്കലരവണ്ണയെണ്ണി,യകമേയലിന്തു്, പൊരുൾകണ്ടു, കീണൊരമുതുണ്ടു,റങ്ങുമരചൻ—ഉടനടിയുതിത്ത്—കരമിരുകവിത്ത്—അരനടികളോത്ത്—

അണൈഞ്ഞയരുമപ്പനേ അരുൾതരികയപ്പനേ
ഉലകളികയപ്പനേ ഉതവിയരുളപ്പനേ
മനമുരുകതപ്പനേ മതിയഴിവതപ്പനേ
ഒഴിവിനിരുളപ്പനേ വെളിവളരുകപ്പനേ

വേഴമഴിയപ്പനേ തോഴമൊഴിയപ്പനേ
കരുണയൊഴിയപ്പനേ കലവിയകലപ്പനേ
അരുളൊത്തതപ്പനേ അരചാറംവതപ്പനേ.

അത്ഥം

അതുവേളയിങ്കൽ = ആ സമയത്ത്, അരവണ്ണ = ഹരൻെറ (ശിവൻെറ) തൃപ്പാദം, എണ്ണി = ധ്യാനിച്ച്, അകമേ = ഹൃദയത്തിൽ, അലിന്ത് = കുളത്ത്, പൊരുൾ = ജ്ഞാനം, കണ്ടു് = ആസ്വദിച്ച്; ഉറങ്ങുക = ലയിക്കുക; ഉതിത്തു = ഉണന്നു; കവിത്ത് = കൂപ്പി; അഞ്ചൈ = അമ്മ (ശ്രീപാവ്വതി); അരു് = അരുമയായ; അളികം = സമൃദ്ധമാകുക; ഉതവി = സഹായം; അഴിയുക = ഭ്രമിക്കുക; ഒഴവിനിരുൾ = ഇരുൾ (അജ്ഞാനം) ഒഴവാക്കുക (അകററുക) വെളിവളരുക = ജ്ഞാനം വർദ്ധിക്കുക (വളരുക) വേഴം = വേഷം (ബാഹ്യാഡംഭരങ്ങൾ); തോഴം=ദോഷം, ഒഴി = പകരുക (തരിക); കലവി = മനസ്സിലുള്ള ദുഃഖം.

ഭാവം.

ആ സമയത്താകട്ടെ പെരുമാൾ പരമശിവൻെറ തൃപ്പാദപത്മങ്ങളെ തൻെറ ഹൃദയാന്തർ ഭാഗത്തു ധ്യാനിച്ചു. ആ ധ്യാനത്താൽ യഥാത്ഥ ജ്ഞാനമുദിച്ച് അതിൽനിന്നു പൊഴിഞ്ഞ ആനന്ദാമൃതമാസ്വദിച്ച് അങ്ങനെ അതിൽതന്നെ ലയിച്ചു. പിന്നീട് (ധ്യാനത്തിൽനിന്നും മുക്തനായശേഷം) ഭഗവാൻെറ പാദാരവിന്ദങ്ങളെ കൈകൂപ്പി.

“എൻെറ അമ്മയായ ശ്രീ പാവ്വതിക്ക് ഉള്ളിണങ്ങിയ ഭഗവാനേ, അവിടുന്ന് എന്നെ അനുഗ്രഹിക്കണേ! ലോകം സമ്പൽസമൃദ്ധമായ് ഭവിക്കേണമേ! എന്നെ സഹായിക്കണേ! എൻെറ മനസ്സു ഭരണക്ലേശമോത്ത് വല്ലാതെ ഉരുകുന്നു. എൻെറ ബുദ്ധി ഭ്രമിക്കുന്നു. ഭഗവാനേ, അജ്ഞാനത്തെ അകററിയാലും ജ്ഞാനത്തെ വർദ്ധിപ്പിക്കണേ. ബാഹ്യാഡംബരങ്ങളിൽനിന്നു എന്നെ ഉദ്ധരിക്കണേ. സകല കുററങ്ങളേയും പൊറുക്കണേ. ആങ്ങയുടെ കരുണ എപ്പോഴും എന്നിലുണ്ടാകണേ. എൻെറ മനോദുഃഖത്തെ ശമിപ്പിക്കണേ. നിൻെറ ആജ്ഞയനുസരിച്ചു മാത്രമാണ് ഞാനിതാ രാജാവായ് വാഴുന്നതു്.

14

ഇത്തകൈ തലയോർ വണ്ണെ ചിത്തകൈ നലമോടെണ്ണെ
വിത്തകൈ തുലയെ പണ്ണെ യേത്തകൈത്തിടമേ കണ്ണെ

വിണ്ണിടൈ പുണ്ണിയത്തെ തണ്ണിഴലവ്വത്താനെ
മണ്ണിടൈ മാനിടക്കു മെണ്ണലാമെന്നു വെയ്ത്ത
വെണ്മൈയററരചനാരു മുണ്മൈയായിവ്വുലക
വാണ്മൈയേററഴകൈ ചേത്തിട്ടാകുലമെന്നേവാണാർ.

അത്ഥം

ഇത്തകൈ=ഇപ്രകാരം. തലൈയോർ=മൂലപുരുഷൻ (പരമശിവൻ.) വണ്ണം=തൃപ്പാദം. ചിത്തകൈ=ചിത്തകത്തു— മനസ്സിൽ. എണ്ണി=ഓത്തിട്ടു്. വിത്തകൈ=ധനംകൊണ്ടു നിറഞ്ഞ കയ്യ്. തുലയൈ=അതിദൂരത്ത്. പണ്ണു=ജനക്കൂട്ടം. ഏത്തകൈ=വദ്ധിപ്പകൈ. തിടം=കരുത്ത്. കണ്ണു=കാൺക.

വിണ്ണിടൈ=സ്വൎഗ്ഗത്തിലുള്ള. പുണ്ണിയം=സുഖം. തണ്ണിഴൽ=തണുത്ത തണൽ. അവ്വത്താനെ=അപ്രകാരംതന്നെ. മണ്ണിടൈ=ഭൂമിയിലുള്ള. മാനിടർ=മനുഷ്യർ. എണ്ണലാം=ലഭിക്കാം. വെയ്ത്ത=ആക്കിത്തീത്ത. വെണ്മൈയററ = അജ്ഞാനം നീങ്ങിയ്—ജ്ഞാനിയായ. ഉണ്മൈ=സത്യമായ്, വണ്മൈ=ദാനം, ഏററ=അധികരിച്ചു, അഴകൈ സൌന്ദൎയ്യത്തെ (ആനന്ദത്തെ) മെന്നെ=തൃജിച്ചിട്ടു്.

ഭാവം

ഇപ്രകാരം പരമശിവൻെറ തൃപ്പാദപത്മങ്ങളെ ഹൃദയാന്തർഭാഗത്തുറപ്പിച്ച് തൻെറ സുഭിക്ഷവും ധനസമൃദ്ധവുമായ ഹസ്തപത്മങ്ങളെ ദൂരെ ദൂരെ ദേശാന്തരങ്ങളിൽ വസിക്കുന്ന ജനക്കൂട്ടങ്ങളിലും കൂടി സമൃദ്ധമായി എത്തിച്ചു. തൻെറ സമസ്തപ്രജകളേയും ധനദാനംകൊണ്ടു പരമാനന്ദരാക്കി.

ഇങ്ങനെ സ്വർഗ്ഗീയ സുഖാനുഭോഗങ്ങളുടെ തനി ശീതളച്ഛായ (സ്വർഗ്ഗസുഖത്തിനു തുല്യമായ സുഖാനുഭവം) ഭൂമിയിലുള്ള തൻെറ പ്രജകൾക്കെല്ലാം അനുഭവിക്കുമാറാക്കിത്തീർത്ത ജ്ഞാനനിധിയായ പെരുമാൾ സന്തുഷ്ടനായി വസിച്ചു.

ഒന്നാംഭാഗം കഴിഞ്ഞു.

# അന്വേഷണത്തിൽ

(വിദ്വാൻ, കണ്ണത്ത് മാധവൻനായർ)

ആരുടെയനുഗ്രഹംതേടി ജീവിതം നിത്യ-
മാചരിക്കുന്നു നാനാമട്ടെഴും തപസ്യകൾ.

തേടിഞാനദ്ദേവിയെ വിണ്ണുരുമ്മീടും ഹേമ-
കൂടത്തിൻ ശൃംഗത്തിലും പ്രേമത്തിൻ പൂന്തോപ്പിലും

ഉത്തുംഗവാത്സല്യത്തിൻ മോഹനനാകത്തിലും
മൈത്രിതൻ വിശാലമാം പീയൂഷാണ്ണവത്തിലും

കണ്ടതില്ലൊരേടത്തുമത്യന്തം വിഷണ്ണനാ-
യിണ്ടലിലാമഗ്നനായ് നില്ക്കവേ, കണ്ണുകളിൽ

ആപതിച്ചിതാന്തരാത്മാവിൽ നിന്നീവാക്യങ്ങൾ
"നീപരിതാപം ത്യജിച്ചാലുമീക്ഷണം ദൂരെ

ആരെ നീയന്വേഷിപ്പതദ്ദേവി കർത്തവ്യത്തിൽ
ചാരുശൃംഗത്തിൽത്തങ്കം പാവനശ്രീകോവിലിൽ

വാണരുളീടുന്നു നീ സത്വരം കുതിച്ചാലും
ചേണെഴും കല്യാണങ്ങൾ വന്നുനിന്നടികൂപ്പും

പൂവിരിച്ചതല്ലങ്ങോട്ടുള്ളൊരാമാൎഗ്ഗം, കാണാ-
മാവഴിനീളെ ഭുരന്താഹികൾ തൻപോടുകൾ;

മൎത്ത്യന്റെ ചെഞ്ചോരതൻ പാടുകൾ, കങ്കാളങ്ങൾ
അത്തലേററീടും കൂൎത്തുമൂൎത്ത പാഷാണങ്ങളും,

ഘോരമാംവിദ്വേഷാഗ്നി ധൂമത്തോടിഴകിയ
കൂരിരുൾക്കുഴമ്പെങ്ങും കെട്ടിനില്പൊരാമാൎഗ്ഗം

പൂകുനീയധീരനായ് ത്തീരുകിൽ നിന്നാൾകൾ
ശുഷ്കമായ് ത്തളിക്കാതെ മണ്ണടിഞ്ഞീടും നൂനം."

# മേക്കാട്ട് മനയും തിരുവഞ്ചിക്കുളത്തപ്പനും

[ഒരൈതിഹ്യം]

"പാമ്പുമേക്കാട്ട്" മനയെപ്പററി കേൾക്കാത്തവർ നന്നേ ചുരുക്കമായിരിക്കും; എന്നാൽ ഈ മനയുടെ ശരിയ്ക്കുള്ള പേർ "മേക്കാട്" എന്നു മാത്രമാണ്. അഞ്ചിക്കുളത്തപ്പൻെറ ചെറുതായ ഒരു ലീലാവിശേഷംകൊണ്ടാണ് ഈ മനയുടെ പേരിനുമുമ്പിൽ "പാമ്പ്" എന്ന വിശേഷണം കൂടി ചേൎന്നതു എന്ന വിവരം പക്ഷെ പലരും അറിഞ്ഞിരിക്കാനിടയില്ല.

തിരുവഞ്ചിക്കുളത്തുനിന്നു സുമാറ് പന്ത്രണ്ട് നാഴിക അകലെയാണ് സമ്പൽസമൃദ്ധിയോടുകൂടിയ ഈ മന സ്ഥിതി ചെയ്യുന്നതു്. ഒരുകാലത്ത്—നാലഞ്ചു നൂററാണ്ടുകൾക്കുമുമ്പു്—ഈ മനക്കാരുടെ സ്ഥിതി അത്യന്തം ശോചനീയമായിരുന്നു. ദാരിദ്ര്യംകൊണ്ടു പരവശരായിരുന്ന അവർ നിത്യവൃത്തിതന്നെ കഴിച്ചുകൂട്ടിയതു വളരെ ഞെരുങ്ങികൊണ്ടായിരുന്നു. എന്നാൽ അവർ ദൈവഭക്തന്മാരും സദ്വൃത്തന്മാരുമായിരുന്നു. തിരുവഞ്ചിക്കുളത്തപ്പനോടു അവൎക്ക് ഒരു പ്രത്യേകഭക്തിയും അവിടുത്തെപേരിൽ വലുതായ വിശ്വാസവും ഉണ്ടായിരുന്നു. ദിവസവും അത്താഴംകഴിച്ച് നിദ്രയ്ക്കു ഭാവിക്കുമ്പോൾ അകത്തുള്ള തറവാട്ടിലമ്മ "എൻെറ അഞ്ചിക്കുളത്തപ്പാ! അവിടുത്തെ കൃപകൊണ്ടു ഈ ദിവസവും കഴിഞ്ഞുകൂടി!" എന്നിങ്ങനെ ഭക്തിപരവശയായി പറയുന്നതു പതിവാണ്. ഭഗവൽ കൃപയാൽ, വളരെ കഷ്ടപ്പെട്ടാലും അവൎക്കു ഒരു നേരംപോലും പട്ടിണി കിടക്കേണ്ടിവന്നില്ല.

മേക്കാട്ട് മനയിലെ ഒരു നമ്പൂതിരി കൊടുങ്ങല്ലൂർ തമ്പുരാൻെറ സേവനായിരുന്നു. ഇടക്കിടക്കു അദ്ദേഹം കൊടുങ്ങല്ലൂരുപോയി തമ്പുരാനെ കണ്ടു മൂന്നാലുദിവസം അവിടെ താമസിച്ച് മടങ്ങിപോകുമ്പോൾ കുടുംബചിലവിനു വല്ലതും വാങ്ങിപോകും. തമ്പുരാനു അദ്ദേഹത്തെ കുറെ കാൎയ്യമാണ്. നമ്പൂതിരി കൊടുങ്ങല്ലൂരു വന്നാൽ മടങ്ങിപ്പോകുന്നതുവരെ ത്രികാലങ്ങളിലും അഞ്ചിക്കുളത്തപ്പനെ ദൎശിച്ചുവന്ദിച്ചിരുന്നു. ഈ പതിവിന്നു ഒരിക്കലും മുടക്കം വരുത്തിയില്ല.

ഒരിക്കൽ എവിടെ നിന്നോ കുറെ പണം കിട്ടിയതു മനയ്ക്കലെ ചിലവിനു കുറെ ദിവസത്തേയ്ക്കു് മതിയായിരുന്നു. കുറെ ദിവസ

മെങ്കിലും മനസ്സിന്നലട്ടില്ലാതെ അഞ്ചെക്കളത്തപ്പനെ ഭജിക്കാമെന്നു കരുതി അദ്ദേഹം ഉടനെ കൊടുങ്ങല്ലൂക്കു പുറപ്പെട്ടു. ഉദ്ദേശപ്രകാരം ഭജനവും ആരംഭിച്ചു. പുലർച്ചക്കു ഭഗവാനെ പള്ളിയുണത്തുന്നതിന്നു മുമ്പായി നമ്പൂതിരി ക്ഷേത്രത്തിലെത്തി തെക്കുകിഴക്കെ കോണിലുള്ള തീർത്ഥത്തിൽ സ്നാനംചെയ്തു് നിർമ്മാല്യം തൊഴുതു മണ്ഡപത്തിലിരുന്നു ജപിച്ചുതുടങ്ങും. രാത്രി "പള്ളിയറ" കഴിയുന്നതുവരെ അദ്ദേഹം ക്ഷേത്രം വിട്ടു എങ്ങും പോകയില്ല ത്രികാലങ്ങളിലും ഭഗവാനെ ഭജിച്ചുകൊണ്ടു അവിടെത്തന്നെ കഴിച്ചുകൂട്ടും. നമ്പൂരിക്കു അത്താഴം കൊടുങ്ങല്ലൂർ തമ്പുരാനോടൊരുമിച്ചായിരുന്നു. തമ്പുരാനു നമ്പൂരിയെ വലിയ കാര്യമായിരുന്നതുകൊണ്ടു പള്ളിയറ കഴിഞ്ഞു നമ്പൂരി മടങ്ങി എത്തുന്നതുവരെ അത്താഴം കഴിക്കയില്ല. അത്താഴം കഴിഞ്ഞാൽ രണ്ടുപേരുംകൂടി കുറേനേരം "വെടിപറഞ്ഞു" അനന്തരം കിടന്നുറങ്ങും. നമ്പൂരിക്കു അല്പം ഒന്നു കണ്ണടയ്ക്കുവാൻ മാത്രമെ സമയമുണ്ടാകയുള്ളു. ഉടനെ എഴുന്നീററു ക്ഷേത്രത്തിലേയ്ക്കു നടക്കും ഇതാണു പതിവു്.

ഒരു ദിവസം പള്ളിയറയും കഴിഞ്ഞുവന്നു് നമ്പൂരി ഊണും കഴിച്ചുകിടന്നു. അല്പം ഒന്നു മയങ്ങി. ഉടനെ ഉണർന്നെഴുന്നീററു. നല്ല നിലാവുള്ള സമയം. അതുകണ്ടു ക്ഷേത്രത്തിലേക്കു പോകാൻ നേരം വൈകിയെന്നന്ധാളിച്ചു് വേഗം പുറപ്പെട്ടു. കുളിപ്പാൻ തീർത്ഥത്തിൽ വന്നപ്പോൾ അവിടെ ഒരു സന്യാസി കുളിക്കുന്നതു കണ്ടു. സന്യാസിയുടെ കുളി കഴിയാറായി. അദ്ദേഹത്തിൻെറ ശിരസ്സിൽ കെട്ടിവെച്ചിരുന്ന ജടാഭാരത്തിൽ ഒരു രത്നം ചൂടിയിരുന്നതു നമ്പൂരി കണ്ടു. ആ രത്നത്തിൻെറ പ്രഭ നമ്പൂരിയെ വല്ലാതെ പരിഭ്രമിപ്പിച്ചു. ഇത്ര പ്രഭയുള്ള ഒരു രത്നമോ? ഇതു അത്യത്ഭുതംതന്നെ. നമ്പൂരി സന്യാസിയോടു കുശലപ്രശ്നങ്ങൾ ചെയ്തു. നമ്പൂരി ദിവസവും കുളിക്കാൻ വരുന്ന സമയത്തിന്നു വളരെ മുമ്പാണു് അന്നു വന്നതു്. സന്യാസി ദിവസവും ആ സമയത്താണു് കുളിക്കുക. അതുകൊണ്ടാണു് അന്നേവരേയ്ക്കും സന്യാസിയെ കാണുവാൻ തരപ്പെടാഞ്ഞതു്. നമ്പൂരി സന്യാസിയോടു ആ രത്നം ഒന്നു നല്ലവണ്ണം കാണിച്ചുകൊടുപ്പാനപേക്ഷിച്ചു യാതൊരു മടിയുമില്ലാതെ സന്യാസി അതിനെ അഴിച്ചു നമ്പൂരിയുടെ കയ്യിൽ കൊടുത്തു. അദ്ദേഹം അതിനെ തിരിച്ചും മറിച്ചും നോക്കി. അദ്ദേഹത്തിൻെറ അത്ഭുതം ശതഗുണീഭവിച്ചു. ആ രത്നത്തെ തൻെറ ആത്മസ്നേഹിതനായ തമ്പുരാനു ഒന്നു കാണിച്ചുകൊടുത്താൽ കൊള്ളാമെന്നു

നമ്പൂരിക്കു തോന്നി. വിവരം സന്യാസിയോടു പറഞ്ഞു.

“വിരോധമില്ല. കൊണ്ടുപോകാം. പക്ഷേ നമ്പൂരി വിചാരിച്ചു ആളെ ഇതു കാണിച്ചുകൊടുത്താൽ നമ്പൂരിക്കു വലിയ കുഴപ്പങ്ങളുണ്ടാവും. സൂക്ഷിച്ചോളു. വേണമെങ്കിൽ കൊണ്ടുപോകാം.” എന്നിങ്ങനെ സന്യാസി പറഞ്ഞു.

“ഞാൻ സൂക്ഷിച്ചുകൊള്ളാം. നാളെ ഈ നേരത്തു നിശ്ചയമായും ഈ രത്നം ഞാൻ ഇവിടെ കൊണ്ടുവന്നുതരാം” എന്നു നമ്പൂരി പറഞ്ഞു.

സന്യാസി രത്നം നമ്പൂരിക്കു കൊടുത്തുപോയി. നമ്പൂരി അതിനെ വളരെ കരുതലോടുകൂടി സൂക്ഷിച്ചു. രാത്രി കോവിലകത്തുചെന്നു തമ്പുരാനെ കണ്ടു വിവരം പറഞ്ഞു രത്നത്തെ കാണിച്ചുകൊടുത്തു. രത്നം കണ്ടതിൽ തമ്പുരാനും അത്യത്ഭുതപ്പെട്ടു. അത്രയും ദിവ്യമായ ഒരു രത്നം ഭൂലോകത്തു ഉണ്ടോ എന്നുകൂടി അദ്ദേഹം സംശയിച്ചു. ആ രത്നം തനിക്കു കിട്ടിയാൽ കൊള്ളാമെന്നുകൂടി തമ്പുരാനു ഒരാഗ്രഹം ജനിച്ചിരിക്കണം. പക്ഷേ, അദ്ദേഹം അതൊന്നും പുറമെ നടിച്ചില്ല.

“ആട്ടെ, നേരം വൈകി. നമ്പൂരിചെന്നു കിടന്നോളു ഞാൻ രത്നം സൂക്ഷിച്ചുവെയ്ക്കാം.”

“അയ്യോ! പാടില്ല. ഞാൻ ഇന്നു കുളിക്കാൻ ചെല്ലുമ്പോൾ മടക്കികൊടുക്കാമെന്നേററിട്ടാണു കൊണ്ടുവന്നതു്.”

“അതിനെന്താ വിരോധം! അതുവരെയ്ക്കും എന്റെ കയ്യിലിരിക്കട്ടെ. പോകുമ്പോൾ നമ്പൂരി വിളിച്ചോളു. അപ്പോൾ രത്നവും തരാം.”

നമ്പൂരി മനമല്ലാമനസ്സോടുകൂടി രത്നം തമ്പുരാന്റെ പക്കൽ കൊടുത്തു കിടന്നു. അദ്ദേഹത്തിനാകട്ടെ ഉറക്കമുണ്ടായില്ല. ചരിഞ്ഞും മലന്നും ഉരുണ്ടും കിടന്നു കുറെ സമയം കഴിച്ചുകൂട്ടി. ഉടനെ എഴുനീററു തമ്പുരാന്റെ പള്ളിയറവാതുക്കൽ ചെന്നു. വാതൽ അടച്ചുബന്ധിച്ചിരുന്നു. അദ്ദേഹം തമ്പുരാനെ വിളിതുടങ്ങി. ആർ വാതൽ തുറക്കുന്നു! നമ്പൂരി ഉറക്കെ ഉറക്കെ വിളിച്ചു. യാതൊരു ഫലവുമില്ല. തമ്പുരാൻ വാതൽ തുറന്നില്ല. ഒരക്ഷരംപോലും സംസാരിച്ചതുമില്ല. ക്ഷേത്രത്തിലേക്കു പോകുവാൻ സമയം അതിക്രമിച്ചുതുടങ്ങി. നമ്പൂരിക്കു വ്യസനവും പരിഭ്രമവും വർദ്ധിച്ചു അവസാനം ഗത്യന്തരമില്ലെന്നുകണ്ടു “ഇതാ ഞാൻ ഇപ്പോൾ ഇവിടെ തൂങ്ങിമരിക്കും. എന്റെ രക്ഷസ്സു അങ്ങയെ പിടിക്കും. ക്ഷണം വാ

തൽ തുറന്നോളൂ. അല്ലെങ്കിൽ ഇപ്പോൾ കഴിയും." എന്നിങ്ങിനെ അദ്ദേഹം നൈരാശ്യത്തോടും സങ്കടത്തോടുംകൂടി കരഞ്ഞു വിളിച്ചു പറഞ്ഞു. ക്ഷണത്തിൽ തമ്പുരാൻ വാതൽ തുറന്നു ഒന്നും പറയാതെ രത്നം തിരിച്ചുകൊടുത്തു. അതുംകൊണ്ടു നമ്പൂരി ക്ഷേത്രത്തിലേക്കു പാഞ്ഞു. തീൎത്ഥത്തിൽ എത്തിയപ്പോൾ തലേ ദിവസത്തെപ്പോലെ സന്ന്യാസി കളിക്കുന്നതുകണ്ടു രത്നത്തെ തിരികെ സന്ന്യാസിയെ ഏല്പിച്ചുകൊടുത്തു.

"എന്താ, രത്നം മടക്കിക്കിട്ടാൻ വളരെ ക്ലേശപ്പെട്ടു. ഇല്ലേ. അപ്പോഴും ഞാൻ പറഞ്ഞില്ലെ, കുഴപ്പമുണ്ടാകുമെന്നു്. നന്നായി തുങ്ങിപാവാതെ കഴിഞ്ഞു. അതുപോകട്ടെ. ഇനി നമ്പൂരി ഒരു കാൎയ്യം ചെയ്യണം. പന്തീരടി കഴിഞ്ഞാൽ ഇല്ലത്തേയ്ക്കു പൊയ്ക്കോളൂ. കുറെ ദിവസമായില്ലെ ഇവിടെ വന്നിട്ടു്. മഴയുണ്ടെന്നു കരുതി മടിക്കേണ്ട. ആ ഇരിക്കുന്നതു എൻെറ കുടയാണ്. അതുംകൊണ്ടു പൊയ്ക്കോളൂ. ഈ രത്നവും അങ്ങക്കിരിക്കട്ടെ." ഇത്രയും പറഞ്ഞു സന്ന്യാസി രത്നത്തെ കുടയിൽവെച്ചു അവിടെനിന്നുംപോയി. നമ്പൂരി അത്യന്തം സന്തുഷ്ടനായി. കുളികഴിഞ്ഞു പതിവുപോലുള്ള തേവാരവും നമസ്കാരവും കഴിച്ചു ഇല്ലത്തേക്കു യാത്രയായി. രത്നത്തെ കയ്യിലുണ്ടായിരുന്ന ഒരു പഴയവസ്ത്രത്തിൽ സൂക്ഷിച്ചു ഭദ്രമാക്കി മടിയിൽവെച്ചു,

വളരെ ദിവസമായി പോയ നമ്പൂരിയുടെ യാതൊരു വിവരവുമില്ലാതെ അകത്തുള്ളവർ വളരെ പരിഭ്രമിച്ചു. ചിലവിനു കൊടുത്തതെല്ലാം കഴിഞ്ഞു. കടംവാങ്ങി ചില ദിവസം കഴിച്ചു. കടവും കിട്ടാതായി. ഒരുദിവസം മദ്ധ്യാഹ്നസമയത്തു് അകായിലുള്ളവർ വളരെ സങ്കടപ്പെട്ടു ഇടനെഞ്ഞുപൊട്ടി "അപ്പാ! പട്ടിണി വരുത്തൊല്ലെ!" എന്നു വാവിട്ടുകരഞ്ഞു ആ സമയത്താണ് നമ്പൂരി പടികയറി അകത്തുകടന്നതു്. നമ്പൂരിയെ കണ്ട ഉടനെ കാൎമ്മേഘം കണ്ട വേഴാമ്പലിനെപ്പോലെ അന്തൎജ്ജനത്തിൻെറ മനം കുളുൎത്തു. നമ്പൂരി നേരെ ചെന്നു അടുക്കളയിൽ പ്രവേശിച്ചു കുടയെ നിലത്തു ഒരിടത്തുവെച്ചു; മടിയിലുള്ള തുണിപ്പൊതിയും കുടയിൽവെച്ചു; വെളിക്കിറങ്ങുവാൻ ധൃതിയായി വളപ്പിലേക്കിറങ്ങി.

അകത്തുള്ളവൎക്കു വിവരങ്ങൾ ഒന്നും ചോദിക്കാനിടയായില്ല; അപ്പോഴയ്ക്കും നമ്പൂരി വളപ്പിലേയ്ക്കു ഇറങ്ങികഴിഞ്ഞു. കുടയിൽ ഒരു പൊതിവെയ്ക്കുന്നതു അന്തൎജ്ജനം കണ്ടു. അതിൽ വല്ല പണവും ഉണ്ടായിരിക്കാമെന്നു കരുതി അവർ അതു പരിശോധിക്കുവാ

നായി അട്ടക്കളയ്ക്കുപോയി. അഹൊ! അത്യത്ഭുതകരമായ ഒരു ദിവ്യകാഴ്ചയാണ് അകത്തുള്ളവർ അപ്പോഴ് കുടയിൽ കണ്ടതു്. പ്രഭാകിരണങ്ങൾ നാലുഭാഗത്തും ചിന്നിച്ചിതറിക്കൊണ്ടു പാലുപോലെ വെളുത്ത ഒരു ചെറിയ സർപ്പം തല അല്പം ഉയർത്തി പടവും വിടർത്തി പൊതിവെച്ച സ്ഥലത്തു കിടക്കുന്നു. പൊതിയെ കണ്ടതുമില്ല. സർപ്പത്തിന്റെ ശിരസ്സിൽ "പളപളാ" എന്നു മിന്നിത്തിളങ്ങുന്ന ഒരു രത്നവും ഉണ്ടു്. ഇതു കണ്ടപ്പോഴ് അകത്തുള്ളവൎക്കു ഭയമല്ല തോന്നിയതു്. വലുതായ വിസ്മയവും കൌതുകവുമാണ് അവൎക്കു ജനിച്ചതു്. നമ്പൂരിയും വന്നു. അദ്ദേഹവും ഇതു കണ്ടു. നമ്പൂരിക്കും അന്തൎജ്ജനത്തെപ്പോലെ വലുതായ കൌതുകം തോന്നി. സർപ്പം അകത്തുള്ളവരെ നോക്കി പുഞ്ചിരികൊണ്ടു അനുഗ്രഹിക്കുന്നപോലെ മൂന്നു പ്രാവശ്യം ശിരസ്സുതാഴ്ത്തി കുടയിൽനിന്നിറങ്ങി പതുക്കെ അകത്തേക്കിഴഞ്ഞുപോയി. കുടയെടുത്തുവെക്കുവാൻവേണ്ടി അകത്തുള്ളവർ അതു ചെന്നെടുത്തു. അവൎക്കു അതു പൊന്തിയില്ല. നമ്പൂരി ശ്രമിച്ചുനോക്കി. അദ്ദേഹത്തിനും പൊന്തിക്കുവാൻ സാധിച്ചില്ല ആ കുട അവിടെത്തന്നെ ലയിച്ചുപോയി. വേറെ കുറെ പണം മടിയിലുണ്ടായിരുന്നതിനെ നമ്പൂരി അകായിലുള്ളവരെ ഏല്പിച്ചുകൊടുത്തു്, തിരുവഞ്ചിക്കുളം തീൎത്ഥത്തിൽവെച്ചുണ്ടായ സംഭവങ്ങളെ സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. വിസ്മയാകുലയായ ആ ഭക്ത അന്തൎജ്ജനം "എല്ലാം അപ്പന്റെ ഹിതം" എന്നു മാത്രം പറഞ്ഞു ദിനകൃത്യങ്ങളിൽ ശ്രദ്ധവെച്ചു.

അന്നത്തെ അത്താഴം കഴിഞ്ഞു രണ്ടുപേരും ശയിച്ചു. പുലരാൻ ഏഴരനാഴികയുള്ളപ്പോഴ് നേരത്തെ കണ്ട സർപ്പം അവർ കിടക്കുന്നിടത്തേക്കു ഇഴഞ്ഞുവരുന്നതായി രണ്ടുപേരും ഒപ്പം സ്വപ്നം കണ്ടു. ക്ഷണത്തിൽ അവർ ഉണൎന്നു. നോക്കിയപ്പോഴ് സ്വപ്നമല്ല, വാസ്തവംതന്നെ എന്നു അവൎക്ക് ബോദ്ധ്യപ്പെട്ടു. ആ സർപ്പം ഇഴഞ്ഞു അവരുടെ അട്ടക്കലെത്തി. .അവർ അതിനെ നോക്കിയിരിക്കെ അതു രൂപം മാററി ദിവ്യമായ ഒരു പുരുഷാകൃതിയെ കൈക്കൊണ്ടു. നമ്പൂരിയും അന്തൎജ്ജനവും ഭക്തിവിനയാനമിതരായി ഇതികൎത്തവ്യതാമൂഢരായി ആ സ്വരൂപത്തെ നമസ്കരിച്ചു കയ്യുകൂപ്പി വന്ദിച്ചു. ആ രൂപം അന്തൎജ്ജനത്തെ നോക്കി മന്ദഹാസപൂർവ്വം ഇപ്രകാരം അരുളിച്ചെയ്തു.

"ഞാൻ ആദിശേഷനാണു്. ദാരിദ്ര്യനിവൃത്തിക്കും മററുമായി നിങ്ങൾ വളരെ കാലം എന്റെ സ്വാമിയായ അഞ്ചിക്കുളത്തപ്പ

നെ ഹൃദയപൂർവ്വം ഭജിച്ചിട്ടുണ്ടു്. തീർത്ഥക്കരയിൽവെച്ചു കണ്ട സന്യാസി അവിടുന്നല്ലാതെ മററാരുമല്ല. നമ്പൂരിയെ അനുഗ്രഹിക്കുവാൻവേണ്ടി എന്റെ സ്വാമി ആ രൂപത്തിൽ അവിടെ എഴുന്നെള്ളിയതാണു്. നമ്പൂരിയുടെ കയ്യിൽ സ്വാമി കൊടുത്തതു എന്നെ തന്നെയാണു്. ഈ കുടുംബത്തെ വേണ്ടുംവണ്ണം പരിപാലനം ചെയ്യേണമെന്നു എന്റെ സ്വാമി എന്നോടു കല്പിച്ചിട്ടാണു് നമ്പൂരിയെ ഏല്പിച്ചതു്. അവിടുത്തെ ആജ്ഞയെ ഞാൻ എന്നും നിറവേററും. എന്നെ അവിടുത്തെ മകനെപ്പോലെ വിചാരിച്ചാൽ മതി. എന്റെ വംശക്കാരെ ഇന്നു മുതൽ ഇവിടെ എവിടെ നോക്കിയാലും കാണാം. ഞങ്ങളെല്ലാം അവിടുത്തെ മക്കളാണു്." ഇത്രയും പറഞ്ഞു ആ ദിവ്യരൂപം ലയിച്ചു. തൽസ്ഥാനത്തു പഴയ സർപ്പത്തെ തന്നെ കണ്ടു. അതു ഇഴഞ്ഞു പുറത്തേക്കും പോയി.

അതിനുശേഷം, ദിനംദിനം ആ കുടുംബം അഭിവൃദ്ധിപ്പെട്ടു വന്നു. മനയുടെ പേർ നാലുദിശിയും പരന്നു. സർപ്പപീഡിതരായവർ അവിടെ പോയി അന്തർജ്ജനത്തെ കണ്ടു ബാധയൊഴിച്ചു് സുഖംപ്രാപിച്ചു. പാമ്പു മേക്കാട്ടുമനയിൽ പാമ്പുകളെ സംബന്ധിച്ചു ഇന്നും നടക്കുന്ന അത്ഭുതസംഭവങ്ങൾക്കു കയ്യും കണക്കുമില്ല. മുമ്പു കുടിലയിച്ച ദിക്കിൽ ഇന്നും വർഷത്തിലൊരിക്കൽ ആദിശേഷനെ സങ്കല്പിച്ചു ഒരു പൂജ ചെയ്തുവരുന്നുണ്ടു്. കരുണാവാരിധിയായ തിരുവഞ്ചിക്കുളത്തപ്പൻ ഏതേതു മാതിരിയിലാണു തന്റെ ഭക്തന്മാരെ അനുഗ്രഹിക്കുന്നതു്.!

വിദ്യാർത്ഥിപംക്തി

# സത്യം

ആർ. വല്ലഭാ (8–ാംതരം) എം. എം. എം. എച്ച്. ഈ. എസ്സ്.
കൊടുവായൂർ

സദ്ഗുണസമ്പന്നരെ ആദരിക്കാത്തവരും ബഹുമാനിക്കാത്തവരും അവരുടെ ഉപദേശങ്ങളെ അനുസരിക്കാത്തവരും ദുർല്ലഭമാണു്. മതസ്ഥാപകന്മാരും രാഷ്ട്രീയനേതാക്കന്മാരും മററു സമുദായപ്രവർത്തകന്മാരും ജനങ്ങളെ വിദ്യാസമ്പന്നന്മാരാക്കിത്തീർക്കുവാൻ

സർവ്വദാ പരിശ്രമിക്കുന്നു. ഹൃദയാന്തർഭാഗത്തു് ഒളിഞ്ഞുകിടക്കുന്ന സദ്ഗുണബോധത്തെ പ്രകാശിപ്പിക്കുവാനും തന്മൂലം ജനങ്ങളെ ജീവിതായോധനത്തിന്നു് പ്രാപ്തരാക്കുവാനും വിദ്യാഭ്യാസത്തിനു് സാധിക്കും. ഇപ്പോൾ എത്രയോ ജനങ്ങൾ വിദ്യാഭ്യാസ സമ്പന്നരായിത്തീർന്നിട്ടുണ്ടു്.

സദ്ഗുണങ്ങളിൽ പ്രധാനമായവ സ്നേഹം, ദയ, സത്യം, വിനയം, ക്ഷമ എന്നിവയാകുന്നു. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് സത്യം. സത്യത്തിനെപ്പററി താഴെ വിവരിക്കാം.

ഉള്ളതു് സത്യവും ഇല്ലാത്തതു് അസത്യവുമാകുന്നു. മനുഷ്യൻ അറിയേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ധർമ്മങ്ങളിൽ ഏററവും ശ്രേഷ്ഠമായതു് സത്യമാകുന്നു. സ്വാനുഭാവത്തിൽ വാസ്തവമെന്നു തോന്നുന്ന യാതൊരുസംഗതിയും മറച്ചുവെക്കാതെ തുറന്നു പറയുകയും, പറഞ്ഞവാക്കനുസരിച്ചു് സദാ പ്രവൃത്തിക്കുകയും, തനിക്കു് അധികാരമോ അവകാശമോ ഇല്ലാത്ത യാതൊന്നും കാംക്ഷിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവനെ സാമാന്യേന സത്യസന്ധനെന്നു് പറയാം.

എന്നാൽ സത്യത്തെ നിഷ്ഠയോടെ അനുഷ്ഠിക്കുക എന്നതു് എളുപ്പമായ ഒരു കാര്യമല്ല. അതിന്നുവേണ്ടി പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവരും. എന്തു ക്ലേശങ്ങൾതന്നെ അനുഭവിച്ചാലും സത്യത്തെ കൈവിടാതിരിക്കുന്ന ഒരുവനെ മാത്രമെ സത്യവാനെന്നു് പറവാൻ പാടുള്ളൂ. സത്യസന്ധന്മാക്കു് ലോകത്തിൽ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുകയില്ല.

സത്യമാണു് സൌന്ദര്യമെന്നും സത്യമാണു് ദൈവമെന്നും ചില മഹാന്മാർ അഭിപ്രായപ്പെടുന്നു. സത്യമില്ലാതെ യാതൊരുവനും സുഖമായി ജീവിക്കുവാൻ സാധിക്കുകയില്ല. നമ്മളെല്ലാവരും സത്യത്തോടെ പെരുമാറുന്നതായാൽ ദൈവത്തിനും കൂടി സന്തോഷമാണുണ്ടാവുക. ഒരു ദിവസത്തിൽ ഒരു സത്യമെങ്കിലും പറയണം. "സത്യമേവജയതേ നാനൃതം" എന്നൊരു ആപ്തവാക്യമുണ്ടു്. "സത്യമേവ ജയതേ" എന്നു് നമ്മുടെ ഇന്ത്യാ ഗവമ്മെണ്ടിൻെറ മുദ്രയിൽ കൊത്തിവെച്ചിട്ടുണ്ടു്. "സത്യം സർവ്വധനാൽ പ്രധാനം" എന്നുകൂടി ഒരാപ്തവാക്യം ഉണ്ടു്. അതുപ്രകാരമാണു് നമ്മൾ പണമില്ലെങ്കിലും സത്യമുണ്ടെങ്കിൽ ഏതൊരുവനും ജീവിക്കുവാൻ സാധിക്കുമെന്നു് പറയുന്നതു്. സത്യത്തെപ്പററി പുരാണങ്ങളിലും മററും പല ഐതിഹ്യങ്ങളുമുണ്ടു്. മഹാത്മജി സത്യം, അഹിംസ എന്നീ

ആയുധങ്ങൾ ധരിച്ചാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിയതെന്നു് നമുക്കെവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഓരോരുത്തർ സത്യം പരിപാലിക്കുന്നതിന്നുവേണ്ടി രാജ്യം, ധനം, ആളുകൾ എന്നിവകളെക്കൂടി ത്യജിക്കാറുണ്ടു്.

സത്യം പരിപാലിക്കുന്നതിന്നുവേണ്ടി രാജ്യം, ധനം എന്നിവയെ ത്യജിക്കുവാനും തൻെറ പ്രിയപത്നിയേയും പുത്രനേയും വില്ക്കുവാനും ഒരുങ്ങിയ ഹരിശ്ചന്ദ്രമഹാരാജാവിൻെറ കഥ നമുക്ക് പരിചയമാണല്ലോ.

പണ്ടു് ശ്രീരാമൻ അച്ഛൻെറ വാക്കിനെ പരിപാലിക്കുന്നതിന്നായി കാട്ടിലേക്കു പോകുവാൻ പറഞ്ഞ ഉടനെത്തന്നെ പുറപ്പെട്ടു കാട്ടിലേക്കു പോകുകയും ചെയ്തു.

അമേരിക്കയിൽ ജോർജ്ജ് വാഷിങ്ങ്ടൺ എന്നു പേരായ ഒരു ബാലനുണ്ടായിരുന്നു. അവൻെറ പിറന്നാൾ ആഘോഷത്തിന്നു അവന്നു അവൻെറ അച്ഛൻ ഒരു പേനക്കത്തി സമ്മാനമായിക്കൊടുത്തു. അവന്നു അതു വലിയ സന്തോഷമായി. അവൻ ഉടനെ അതിൻെറ മൂർച്ച നോക്കുവാൻ പലതും ചെത്തിനോക്കി. അച്ഛൻ വാത്സല്യത്തോടെ വളർത്തിയിരുന്ന ഒരു മാവിൻ തൈ ഉണ്ടായിരുന്നു. അതിനെ മകൻ ഒരു ദിവസം കത്തിയുടെ മൂർച്ചനോക്കുവാൻ ആ മരത്തിൽ വെട്ടി അതിൻെറ തൊലി ചെത്തിക്കളഞ്ഞു. ആ സമയത്തു അച്ഛൻ അവിടെ ഉണ്ടായിരുന്നില്ല. അച്ഛൻ വന്നു തോട്ടത്തിൽ നോക്കിയപ്പോൾ വാത്സല്യത്തോടെ വളർത്തിയിരുന്ന മാവിൻ തൈ വാടിയതായിക്കണ്ടു. അപ്പോൾ അച്ഛന്നു വല്ലാതെ ദേഷ്യം വന്നു. അവിടെ ഉണ്ടായിരുന്നവരോടെല്ലാം ചോദിച്ചു. അവരെല്ലാം ഞാനല്ല എന്നു പറഞ്ഞു. അപ്പോഴേക്കും പേടിച്ചു വിറച്ചു ഈ ബാലൻ വന്നു അച്ഛനോടു പറഞ്ഞു. "അച്ഛാ ഞാനാണ് മാവിൻ തൈയിൻെറ തൊലി ചീന്തിയതു്." ഇതു കേട്ട ഉടനെ അച്ഛന്നു ദേഷ്യം മാറി സന്തോഷമുണ്ടായി. അച്ഛൻ മകനോടു പറഞ്ഞു "മകനേ മാവിൻതൈ പോയാൽ പോട്ടെ എൻെറ മകൻ സത്യം പറഞ്ഞുവല്ലോ. അതുതന്നെയാണ് വേണ്ടതു്. അതിലാണ് എനിക്കു സന്തോഷം ഉണ്ടായതു്." അന്നു മുതൽ അവൻ നുണ പറഞ്ഞിരുന്നില്ല.

പിന്നീട് അദ്ദേഹമാണ് അമേരിക്കയിലെ സർവ്വസൈന്യാധിപനും സത്യമുള്ള പ്രസിഡണ്ടും ആയിത്തീർന്നതു്.

അദ്ദേഹത്തെപ്പോലെ നാം എല്ലാവരും സത്യസന്ധന്മാരായി

തീൎന്നാൽ ദൈവത്തിന്നും മററു ജനങ്ങൾക്കും സന്തോഷമുണ്ടാവും. ദിവസം ഒരു നുണ ഫലിപ്പിക്കുവാൻ കണക്കില്ലാത്ത നുണകൾ പറയുന്ന ആളുകൾ വളരെയുണ്ടു്. അങ്ങിനെ നുണകൾ പറയുന്ന ഒരാൾ ഒരു ദിവസത്തിൽ ഒരു സത്യമെങ്കിലും പറഞ്ഞു ശീലിച്ചാൽ ക്രമേണ ആയാൾ സത്യസന്ധനായിക്കൊള്ളും. അങ്ങനെ വളരെ ആൾ സത്യസന്ധന്മാരായിത്തീൎന്നിട്ടുണ്ടു്. എത്ര കാലപ്പഴക്കം ചെന്നാലും സത്യം വെളിക്കു വരാതിരിക്കയില്ല.

മേൽപറഞ്ഞപോലുള്ള മഹാത്മാക്കൾ ഇക്കാലത്തു ദുൎല്ലഭമാണെങ്കിലും പണ്ടുകാലത്തു സുലഭമായിരുന്നു. ഈ കഥകൾ അറിഞ്ഞിട്ടെങ്കിലും നാം സത്യസന്ധന്മാരായിത്തീരണം.

---

# നിൎവ്വാഹക സംഘനിവേദനം

## Report of

## THE 4th. ALL KERALA THUNCHETH MEMORIAL

## INTER – SCHOOL

## Essay Competition Held on 6—1—1954.

വിഷയം. High schools സഹോദരസ്നേഹം. L. S. Schools സത്യം.

നാലാംവൎഷത്തെ സമസ്തകേരള തുഞ്ചൻ സ്മാരക വിദ്യാൎത്ഥി പ്രബന്ധമത്സരപ്പരീക്ഷാ വിജയവിവരം താഴെ കൊടുക്കുന്നു. ഈ വൎഷത്തിൽ വളരെ ചുരുക്കം സ്കൂളുകൾ മാത്രമെ മത്സരത്തിൽ പങ്കെടുത്തിട്ടുള്ളു. ഇരുനൂറിലേറെ സ്കൂളുകാൎക്കു വിഷയവിവരവും, ചോദ്യക്കടലാസ്സും അയച്ചുകൊടുത്തിട്ടുണ്ടു്. ഇങ്ങനെ വരിക്കാരായ സ്കൂളുകാർകൂടി ഈ വിഷയത്തിൽ അലസമനോഭാവത്തോടുകൂടിയിരിക്കുന്നതു് ഞങ്ങൾക്കു അത്യന്തം ഭഗ്നോത്സാഹകരമാണെന്നു് വ്യസനപൂൎവ്വം അറിയിക്കുന്നു. ഇനിയത്തെ പരീക്ഷക്കെങ്കിലും എല്ലാ സ്കൂളുകാരും പങ്കെടുത്തു ഈ പ്രസ്ഥാനത്തെ വിജയപ്രദമാക്കുവാൻ സാദരം അപേക്ഷിക്കുന്നു.

ഇത്തവണ ആകെ 850ക.യിലധികം സമ്മാനവിതരണം ചെയ്തിട്ടുണ്ടു്. കീഴ് മൂന്നു വൎഷത്തെയുമപേക്ഷിച്ചു് വളരെ അധികം

സമ്മാനങ്ങൾ ഈയ്യാണ്ടിൽ നൽകീട്ടുണ്ടു്. ഇതിനുള്ള കഴിവ് ഞങ്ങൾക്കില്ലെന്നുള്ള സംഗതി വ്യക്തമാണ്. എന്നാൽ പല സ്കൂളുകളും ഞങ്ങൾമുഖാന്തിരം അവരവൎക്ക വേണ്ട ലൈബ്രറി പുസ്തകങ്ങൾ വാങ്ങിച്ചവകയിൽ പുസ്തകപ്രസിദ്ധകന്മാരിൽനിന്നു ഞങ്ങൾക്ക ലഭിച്ച ആ ചെറിയ സൌജന്യമാണു ഈ വിഷയത്തിൽ ഞങ്ങളെ സഹായിച്ചതു്. അങ്ങനെ സഹായദാനംചെയ്ത എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാരോടും മാനേജർമാരോടും ഞങ്ങളുടെ അകമഴിഞ്ഞ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു. വിദ്യാൎത്ഥികളുടെ നന്മയെ പുരസ്കരിച്ചു് കൂടുതൽ കൂടുതൽ സമ്മാനാദികൾ നൽകുവാൻ ഞങ്ങളെ സഹായിക്കുമാറു് എല്ലാ സ്കൂളുകാരും അവരവൎക്ക വേണ്ട ലൈബ്രറി പുസ്തകങ്ങൾക്കുള്ള ഓർഡർ ഞങ്ങൾ മുഖാന്തിരം നിൎവ്വഹിക്കുന്നതു അത്യന്തം പ്രോത്സാഹകമായിരിക്കും. അതിന്നായി എല്ലാവരോടും സവിനയം അഭ്യൎത്ഥിക്കുന്നു. മലയാളത്തിൽ കിട്ടാവുന്ന എല്ലാ നല്ല പുസ്തകങ്ങളും ഇവിടെ സ്റ്റാക്കുണ്ടു്.

ഈ വൎഷത്തെ സീനിയർ (ഹൈസ്കൂൾ) ട്രാഫി നേടിയതു് ആയക്കാട് ചാമി അയ്യർ ഹൈസ്കൂളും, ജൂനിയർ (ലോവർ സെക്കണ്ടറി) ട്രാഫി നേടിയതു വടക്കഞ്ചേരി മിഡിൽ സ്കൂളുമാണ്. ഈ സ്കൂളുകളിലെ അദ്ധ്യാപകാദ്ധ്യേതാക്കളെ ഞങ്ങൾ ഹൃദയംഗമമായി അനുമോദിക്കുന്നു.

വിശിഷ്യാ, ഈവൎഷം ആയക്കാട് ഹൈസ്കൂൾ മാനേജരും ഹെഡ്മാസ്റ്ററും ആയ ശ്രീ സി. പി. ശമ്മാവവർകളുടെ ശ്രദ്ധയും ഉത്സാഹവും അത്യന്തം പ്രശംസനീയവും, സൎവ്വഥാ അനുകരണയോഗ്യവും ആണെന്നു തുറന്നുപറയുവാൻ ഞങ്ങൾ ഒട്ടും മടിക്കുന്നില്ല. അനേകം ചെറു വിദ്യാൎത്ഥിവിദ്യാൎത്ഥിനികളുടെ പ്രവേശനഫീസ്സും കടലാസ്സുപോലും കയ്യാലെടുത്തു അവരെ ഈ വിഷയത്തിൽ പ്രോത്സാഹിപ്പിച്ചു് വിജയികളും ആഹ്ലാദഭരിതരുമാക്കീട്ടുള്ള വിവരം ഞങ്ങൾക്ക നേരിട്ടറിയാം. സമ്മാനദാനാവസരത്തിൽ ചെറിയ ചെറിയ കുട്ടികൾ വലിയ വലിയ സമ്മാനങ്ങൾ നേടി ചിരിച്ചാനന്ദിച്ചുപോകുന്ന ആ കാഴ്ച, മാനേജരെ പുളകം കൊള്ളിച്ചതിന്നു നിൎവ്വാഹകസംഘം സിക്രട്ടറി ദൃക്സാക്ഷിയാണ്. ഓരോ മാനേജരും, ഹെഡ്മാസ്റ്ററും, അദ്ദേഹത്തിന്റെ ആദൎശമനുസരിച്ചു് പ്രവൎത്തിക്കുന്നതായാൽ ആയതു വിദ്യാൎത്ഥിലോകത്തിനു ഒരനുഗ്രഹവും ഞങ്ങളുടെ പ്രയത്നത്തിന്നു മതിയായ സാഫല്യവും ആണെന്നു സവിനയം പറഞ്ഞുകൊള്ളുന്നു.

നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായതു ഇവിടെ പ്രസ്താവിക്കാതിരിക്കാൻ തരമില്ല. പറളി ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ "സംഗീതരാമായണാഭിനയ"വിഷയത്തെപ്പററി ജനുവരി ലക്കത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടല്ലൊ. എന്നാൽ അദ്ദേഹത്തിനു പററിയ അബദ്ധത്തെ മറച്ചു് സുബദ്ധമാക്കുവാൻ പരിശ്രമിച്ചു് — സംസ്കാരത്തിന്റെ അധഃപതനത്തെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടുള്ള —ഒരെഴുത്തു സിക്രട്ടറിക്കും വേറൊരെഴുത്തു്, നിയമവിരുദ്ധമായി, പത്രാധിപക്കു നേരിട്ടും അയച്ചിട്ടുള്ളതിനെപ്പററി ഗൌരവമായി പര്യാലോചിക്കേണ്ടതാകയാൽ സ്കൂൾ മാനേജുമെണ്ടു് ബോർഡിലേക്കു എഴുതീട്ടുണ്ടു്. അവരുടെ മറുപടി കണ്ടശേഷം, വേണ്ടിവന്നാൽ, വിദ്യാഭ്യാസഡയറക്ടർക്കും മന്ത്രിക്കും വിശദമായ റിപ്പോർട്ടു അയക്കണമെന്നും തീർച്ചയാക്കീട്ടുണ്ടു്. ആ എഴുത്തുകൾ മഹാജനങ്ങളുടെ അറിവിലേക്കായി ബോർഡിന്റെ മറുപടി അറിഞ്ഞശേഷം ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

പ്രബന്ധമത്സരപരീക്ഷ, അക്ഷരശ്ലോകപരീക്ഷ, നാടകാഭിനയം എന്നീ വിഷയങ്ങളിൽ പങ്കെടുത്ത എല്ലാ അദ്ധ്യാപകാദ്ധ്യേതാക്കൾക്കും ഞങ്ങളുടെ കൂപ്പുകൈ,

നിർവ്വാഹകസംഘത്തിനു വേണ്ടി
വിനീതവിധേയൻ സിക്രട്ടറി.

# Fourth All Kerala Thunchat Memorial Inter-Schocl Essay Competition

**CONDUCTED ON 6—1—1954**

## LIST OF PRIZE WINNERS

**C. A. High School, Ayakat—Malabar.** Rs. 93 7 0

Appeared 262 Prize won 107

Ist Form

| | |
|---|---|
| പി. പി. ആലിസ്സ് | സി. വി. ജഗതാംബാൾ |
| എ. വി. ലീലാ | ആർ. മീനാക്ഷികുട്ടി |
| ടി. മാലതി | എ. വി. ഹരിഹരൻ |
| എം. അബ്ദുൾറഹിമാൻ | ആർ. വി. ബാലസുബ്രഹ്മണ്യൻ |
| സി. ഗംഗാധരൻ | ഡി. പാർവ്വതി |
| കെ. സി. വല്ലീസ്സ് | എം. രാധാ |

കെ. പി. വിശ്വനാഥൻ
എം. എൻ. ശാരദാ
എം. പരമേശ്വരൻ

## IInd Form

കെ. രവീന്ദ്രനാഥൻ
സി. ശങ്കരനാരായണൻ
പി. ചന്ദ്രശേഖരൻ
എം. കെ. മീനാക്ഷി
ആർ. വി. നാരായണി
സി. കൊച്ചുഗോവിന്ദൻ
സി. സുന്ദരേശ്വരൻ
കെ. തുളസീദേവി
എച്ച്. മുഹമ്മദ് മൊയ്തീൻ
സി. പത്മിനി

## IIIrd Form

കെ. രാമകൃഷ്ണൻ
ടി. കെ. പ്രഭാകരൻ
എം. വത്സലാ
വി. ഐ. മുഹമ്മദ് ഹനീഫാ
കെ. ജെ. ജേക്കബ് പോൾ
എ. വിശാലം
കെ. വത്സലാ
എ. നെൽസൺ
എ. എ. സരസ്വതി
സി. ദിവാകരൻ

## IVth Form

ടി. സുഭദ്രാ
എം. കമലാക്ഷി
കെ. കല്യാണിക്കുട്ടി
വി. എൻ. അനന്തലക്ഷ്മി
എ. വി. ശോശാമ്മ
കെ. എം. കൃഷ്ണൻ
കെ. രാധാകൃഷ്ണൻ
സി. വേണുഗോപാലൻ
കെ. എസ്സ്. രാമൻ
പി. കൃഷ്ണാമണി
എ. എ. ലക്ഷ്മണൻ
സി. രാധാകൃഷ്ണൻ
വി. വി. ചെല്ലമ്മാൾ
വി. ദാക്ഷായണി
എ. ഉമാകാത്ത്യായനി
ആർ. എസ്. ബേബി
കെ. മാലതി (1)
കെ. വേണുഗോപാലൻ
പി. അച്ചുതൻ (1)
എം. വി. ബാലകൃഷ്ണൻ
സി. യൂസുഫ്
വി. പി. രാമൻ
ആർ. ശ്രീധരൻ

## Vth Form

എം. ഐ. ജോയി
എസ്. നാരായണസ്വാമി
ഇ. സി. ബാലകൃഷ്ണൻ
സി. സുന്ദരേശ്വരൻ
കെ. വി. തോമാസ്സ്
പി. ടി. നാരായണൻ
കെ. എൻ. രാജലക്ഷ്മി
വി. പി. സുബ്രഹ്മണ്യൻ
എം. ആർ. ശങ്കരൻ
എൻ. ശിവരാമൻ
വി. പി. വസുമണി
ടി. ഗോവിന്ദൻകുട്ടി

## VIth Form

ആർ. ചന്ദ്രൻ
കെ. രാജൻ
കെ. പ്രഭാകരൻ
എം. കെ. ഗോവിന്ദൻകുട്ടി

കെ. പി. അനന്തപത്മനാഭൻ
എ. സി. അലിയാർ
പി. രാമചന്ദ്രൻ
കെ. വി. നാരായണൻ
വി. എസ്സ്. ഗണേശൻ
കെ. പി. ശാന്തകുമാരി
ടി. എൻ. കൊച്ചുണ്ണം
കെ. ജെ. ഹന്ന മാബൽ
വി. സരസ്വതി
എം. രാമനുണ്ണി
കെ. ശങ്കരനാരായണൻ
കെ. പി. വെങ്കിടാചലം
പി. ബാലകൃഷ്ണൻ
എ. എ. രാമചന്ദ്രൻ
ഡി. സീതാ
കെ. സി. ശാരദ
കെ. വസുമതി
ആർ. സരോജം

## Training Section (Junior & Senior)

എം. മുസ്തഫ
കെ. സരോജിനി
കെ. വാസുദേവൻ
എ. നാരായണനെമ്പ്രാന്തിരി
ആർ. എം. പരശുരാമൻ
പി. അപ്പുകുട്ടൻ
വി. കെ. ബാലകൃഷ്ണൻ
ടി. വാസുദേവൻ
സി. ആർ. ശ്രീധരൻ
കെ. ടി. കുട്ടിയപ്പനായർ
എം. പി. സേതുമാധവൻ
കെ. ദാമോദരപൊതുവാൾ
എ. വി. രുഗ്മിണി
എം. മാധവൻ
കെ. കെ. പാറുക്കുട്ടി

## അക്ഷരശ്ലോക പരീക്ഷ 4-12-0

വി. സി കൃഷ്ണൻകുട്ടി ($E_1$)
എം. രാമനുണ്ണി VI F.
കെ. കെ. പാറുക്കുട്ടി ($S_2$)
എ. ബാലഗോപാലൻ III F.

The above school won the Senior Trophy-

**H. E Training School for Women Koduvayur Rs 80-12-0**

**appeard 80 Prize won 22**

കെ. എം. തങ്കം നൈത്യാർ
ഇ. സാവിത്രി
എം. കെ. കല്യാണികുട്ടി
കെ. ഭാർഗ്ഗവി
കെ. ആർ. ചന്ദ്രമതി
ഇ. മാധവിക്കുട്ടി
കെ. സരസ്വതി
ടി. ആർ. ഗിരിജ,
കെ. സാവിത്രികോയിലമ്മ
ഒ. കല്യാണികുട്ടി
എം. നാരായണിക്കുട്ടി
എം. വി. മീനാക്ഷി
എം. സരോജിനി
സി. എസ്സ്. അമ്മുക്കുട്ടി
പി. ജെ. മേരി ജെയിൻ
എം. സി. പ്രസ്റ്റീനാ
എം. സത്യഭാമാ
ആർ. തങ്കം

| | |
|---|---|
| പി. കമലാക്ഷി | കെ. ടി. ലക്ഷ്മി |
| എൻ. കെ. രോഹിണി | പി. വി. സുഭദ്രാ |

## M. M. M. H. E. S. Koduvayur 33-8-0

**Appeared 186 Prize won 48**

| | | | |
|---|---|---|---|
| എം. എസ്സ്. സ്വാമിനാഥൻ | 8-ാം തരം | M. S. മാല്യനാരായണൻ | 8-ാം തരം |
| എം. പരമേശ്വരൻ | " | പി. സുകുമാരൻ | " |
| ടി. ബാലചന്ദ്രൻ | " | സി. രാമൻകുട്ടി | " |
| കെ. വി. ആറുമുഖം | " | പി. കരുണാകരനുണ്ണി | " |
| പി. അച്ചുതൻകുട്ടി | " | എസ്സ്. ആറുമുഖൻ | " |
| എസ്. തങ്കവേലു | " | വി. ശ്രീകൃഷ്ണൻ | " |
| പി. ദേവയാനി | " | പി. കെ. തങ്കമാളു | " |
| സി. കെ. കനകം | " | കെ. ജാനകി | " |
| പി. ശ്യാമളാദേവി | " | കെ. പി. സുഭദ്രാ | " |
| എൻ. വിജയലക്ഷ്മി | " | ഇ. പി. അമ്മിണിക്കുട്ടി | " |
| സന്യൂരബീബി | " | സി. മീനലോചന | " |
| ആർ. വല്ലഭാ | " | എസ്സ്. ഉണ്ണികൃഷ്ണൻ | 7-ാം തരം |
| കെ. പി. ദിവാകരൻ | 7-ാം തരം | ഇ. രാജഗോപാലൻ | " |
| സി. തങ്കവേലു | " | ടി. പി. കൃഷ്ണദാസൻ | " |
| പി. കേശവൻ | " | കെ. നാരായണസ്വാമി | " |
| എ. എസ്സ്. ഗോപിനാഥൻ | " | കെ. ഇന്ദിരാദേവി | " |
| പി. മീനാക്ഷിക്കുട്ടി | " | പി. എൻ. രത്നകുമാരി | " |
| ടി. വിശ്വനാഥൻ | 6-ാം തരം | സി. രാജഗോപാലൻ | 6-ാം തരം |
| എസ്. നാരായണൻ | " | പി. കെ. ബാലചന്ദ്രൻ | " |
| ടി. എം. ഉണ്ണികൃഷ്ണൻ | " | പി. കാശിവിശ്വനാഥൻ | " |
| സി. എസ്. വിശ്വനാഥൻ | " | കെ. എം. കമലനാഥൻ | " |
| എൻ. പി. രാധാ | " | കെ. എൽ. വിശാലാക്ഷി | " |
| പി. അമ്മിണിക്കുട്ടി | " | പി. ദാക്ഷായണി | " |
| എൻ. ആർ. മീനാക്ഷി | " | | |

## അക്ഷരശ്ലോക പരീക്ഷ Rs. 3—1—0

കെ. ടി. ലക്ഷ്മി (Senior) ഇ. മാധവിക്കുട്ടി (2nd)

## Sangeetha Ramyanom Drama Acting

**Prize Rs. 90—0—0. each Rs. 6—**

| | | | |
|---|---|---|---|
| ഇ. പി. അമ്മുക്കുട്ടി | 8-ാം തരം | കെ. ജാനകി | 8-ാം തരം |
| പി. ശ്യാമളാദേവി | " | സബൂരബീബി | " |

| | | | |
|---|---|---|---|
| സി. കെ. കനകം | ,, | സി. മീനലോചന | ,, |
| എൻ. വിജയലക്ഷ്മി | ,, | ഇന്ദിരാദേവി | 7-ാംതരം |
| രാമാദേവി | 7-ാംതരം | സരസ്വതി | ,, |
| സുലോചന | ,, | സാവിത്രി | ,, |
| ജ്യോതി | 3-ാംതരം | ശാന്താകുമാരി | 3-ാംതരം |
| ചന്ദ്രികാ | 2-ാംതരം | | |

## Board Girls High School, Alathur — Rs. 8 8 0

**Appeared 33 Prize Won 8**

| | | | |
|---|---|---|---|
| വി. ശാന്തകുമാരി | 1 F | കെ. വി. സരസ്വതി | 2 F |
| പി. എം. കമലം | 3 F | കെ. എം. ബാലസരസ്വതി | 4 F |
| കെ. ശാരദാ | 4 F | കെ. വെള്ളയമ്മ | 5 F |
| കെ. ലീലാ | 5 F | കെ. മീനാക്ഷിക്കുട്ടി | 5 F |

## അക്ഷരശ്ലോകപരീക്ഷ 1 12 0

| | | | |
|---|---|---|---|
| പി. ആർ. രാജം | 4 F. 1st. | പി. തുളസി | 6 F. 2nd. |

## N. E. High School, Alathur — Rs. 11 3 0

**Appeared 33 Prize Won 12**

| | | | |
|---|---|---|---|
| പി. ചന്ദ്രശേഖരൻ | 2 F | എം. സി. കൃഷ്ണൻകുട്ടി | 3 F |
| പി. എസ്സ്. കൃഷ്ണൻ | 4 F | എം. രാധാകൃഷ്ണൻ | 5 F |
| എം. രവീന്ദ്രൻ | 4 F | സി. അച്ചുതൻകുട്ടി | 5 F |
| വി. പ്രഭാകരൻ | 5 F | കെ. നാരായണിക്കുട്ടി | 6 F |
| പി. വി. രാധാകൃഷ്ണൻ | 6 F | ടി. പി. കുഞ്ചുമേനോൻ | 6 F |
| എം. നാരായണൻകുട്ടി | 8-ാംതരം | | |

## Govt. High School for Girls, Tellichery — Rs. 4 6 0

**Appeared 10 Prize Won 4**

| | | | |
|---|---|---|---|
| പി. വിമലാ | 4 F | ടി. വി. അമ്മുക്കുട്ടി | 5 F |
| കെ. പി. കൌമുദി | 4 F | പി. കെ. സരോജിനി | 6 F |

## V. V. P. High School, Palghat — Rs. 6 6 0

**Appearead 14 Prize Won 5**

| | | | |
|---|---|---|---|
| പി. രാഘവൻ | 3 F | എം. രാമനുണ്ണി | 4 F |
| സി. കെ. ലക്ഷ്മണൻ. | 5 F | കെ. വി. നാരായണസ്വാമി | 5 F |
| എം. വേലായുധൻ | 6 F | | |

## Govt. H. S. & Trg. School for Mopla Women, Tirur 10 0 0

Appeared 31 Prize Won 10

| | | | |
|---|---|---|---|
| പി. നന്ദിനിക്കുട്ടി | 6 F | പി. കെ. മീനാക്ഷിക്കുട്ടി | 5 F |
| ഗ്രിസിൽഡാ ഹെൽഡ്വാഡ് | Junor | പി. കെ. ഉണ്ണിലക്ഷ്മി | Junior |
| സി. ലീലാ | ,, | എം. എം. തെറീസാക്കുട്ടി | Senior |
| എം. സൌദാമിനി | Senior | പി. ലക്ഷ്മിഭായി | ,, |
| ഇ. എസ്സ്. വിലാസിനി | ,, | പി. ആർ. മാധവി | ,, |

## High School Peruvemba Rs. 3 14 0

Appeared 19 Prize Won 4

| | | | |
|---|---|---|---|
| പി. എസ്സ്. സാവിത്രീദേവി | 3 F | കെ. പാറുക്കുട്ടി | 4 F |
| കെ. സതീദേവി | ,, | പി. വി. രംഗനാഥൻ | ,, |

## Middle School Wadakkenchery 16_7_0

**appeared 91 prize won 20**

| | | | |
|---|---|---|---|
| കെ. വി. രംഗനാഥൻ | I F. | കെ. എം. ശ്രീധരൻ | II F |
| വി. വി. നാരായണൻ | ,, | എം. ആർ. രാജമ്മാൾ | ,, |
| ടി. ജെ. ദേവസ്സി | ,, | എം. എം. സാറമ്മാ | III F |
| കെ. വി. കമലം | ,, | കെ. വി. നാരായണൻ | ,, |
| കെ. പി. അച്ചുതൻ | II F | കെ. ആർ. സരസ്വതി | ,, |
| കെ. എം. യജ്ഞേശ്വരൻ | ,, | കെ. പി. ശിവരാമൻ | ,, |
| കെ. പത്മാവതി | ,, | എം. തെറീസ്സാ | ,, |
| വി. കെ. രാജമ്മാൾ | ,, | വി. എം. വെങ്കടേശ്വരൻ | ,, |
| കെ. ആർ. സുബ്രഹ്മണ്യൻ | ,, | കെ. എൻ. രാജമ്മാൾ | ,, |
| വി. കെ. ചെല്ലമ്മാൾ | ,, | കെ. എം. കൃഷ്ണൻ | |

THE ABOVE SCHOOL WON THE JUNIOR TROPHY

## H. E. S. Chitalanchery 5 12 0

Appeared 27 Prize Won 10

| | | | |
|---|---|---|---|
| ജി. വസന്താ | 6-ാംതരം | എ. ബാലകൃഷ്ണൻ | 6-ാംതരം |
| എ. രാജപ്പൻ | ,, | ടി. പി. രാമചന്ദ്രൻ | ,, |
| എ. ഗോപാലകൃഷ്ണൻ | ,, | എൻ. ഇന്ദിരാദേവി | ,, |
| പി. നളിനി | ,, | സി. ബാലൻ | ,, |
| സി. തങ്കമണി | ,, | എ. സുന്ദരം | ,, |

### Board H. E. School, Puthiyangom 4 8 0

Appeared 25 Prize Won 8

| | | | |
|---|---|---|---|
| പി. വിശാലാക്ഷി | 8-ാംതരം | എം. സഹദേവൻ | 7-ാംതരം |
| എം. സുലൈമാൻ | ,, | എം. രാധാ | 6-ാംതരം |
| സി. ജാനകിക്കുട്ടി | ,, | ജി, പരമേശ്വരൻ | ,, |
| വി. വേണുഗോപാൽ | ,, | ടി. രുഗ്മിണി | ,, |

### Victory H. E. School, Pudupariyaram 3 6 0

Appeared 14 Prize Won 5

| | | | |
|---|---|---|---|
| കെ. കമലാദേവി | 8-ാംതരം | കെ. കൃഷ്ണൻ | 8-ാംതരം |
| എ. എസ്സ്. ഗോവിന്ദൻ | ,, | ടി. വിശാലാക്ഷി | ,, |
| പി. രാധാകൃഷ്ണൻ | ,, | | |

### Board H. E. School, Nilampur 2 7 0

Appeared 7 Prize Won 3

| | | | |
|---|---|---|---|
| ഇ. കെ. സരോജിനി | 8-ാംതരം | പി. സത്യവതി | 7-ാംതരം |
| വി. മണിക്കുട്ടി | 7 ാംതരം | | |

### Vivekodayam Boys High School, Trichur (T. C. S.) 4 6 0

Appeared 21 Prize Won 4

| | | | |
|---|---|---|---|
| പി. കൃഷ്ണൻനമ്പൂരി | 6 F | വി. എം. വേണുഗോപാലൻ | 3 F |
| വി. നാരായണമൂർത്തി | 5 F | കെ. വേണുഗോപാലൻ | 2 F |

### A. A. High School, Kuttanellur (T. C. S.) 1 4 0

Appeared 5 Prize Won 1

എം. ആർ. ഗോവിന്ദൻ

## Nair Samajom High School Vallor (T. C. S.) 1-4-0

**Appeared 4** **Prize won 1**

കെ. പി. ദിവാകരൻ VI F

## S. M High School Ayalur. (T. C. S.) 0-12-0

**Appeared 8** **Prize won 1**

പി. പത്മനാഭൻ II F

## V. G. High School Chittur (T. C. S) 8 2-0

**Appeared 5** **Prize won 3**

എ. കെ. തങ്കമ്മ II F എ. സത്യഭാമ V F
പി ജാനകിക്കുട്ടി VI F

## Druva Charithom Drama Acting 5_18_0

| | | | |
|---|---|---|---|
| എം. വരദാ | 2_ാംതരം | വൈ. ലളിതാ | 4_ാംതരം |
| സി. ലക്ഷ്മികുമാരി | ,, | പി. ആർ. തങ്കമ്മ | 5_ാംതരം |
| എ. ഗിരിജാ | 5_ാംതരം | വൈ. രാധാലക്ഷ്മി | 5_ാംതരം |
| സി. പി. നാനിക്കുട്ടി | 4_ാംതരം | | |

## The High School Parli

ടി. സ്കൂളിൽ സംഗീതരാമായണം അഭിനയിച്ചതിനെപ്പററി യാതൊരറിവും ഇതേവരെയും ഹെഡ്മാസ്റ്റർ തരാത്തതിനാൽ മൂന്നുറുപ്പികയുടെ രണ്ടു രാമായണപുസ്തകങ്ങൾമാത്രം കൊടുത്ത വിവരം ജനവരി ലക്കത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടല്ലോ__ഹാ! നിരപരാധികളും വാത്സല്യനിധികളുമായ ശിശുക്കളുടെ നിർഭാഗ്യം !!